# പ്രതീക്ഷയുടെ പൂമൊട്ടുകൾ



**Pratheekshayude Poomottukal**


വാല്യം 44 ലക്കം 2

വാർഷിക വരിസംഖ്യ ₹ 100

Vol 44 No. 2

Annual Subscription ₹100

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

ജനുവരി 2026

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



വിശുദ്ധിയുടെ ഔന്നത്യമാർന്നവളും
ദൈവമാതാവുമായ പരിശുദ്ധ അമ്മേ,
നിന്റെ മാതൃസ്നേഹവും വാത്സല്യവും
എനിക്കു നൽകണമേ.
എന്റെ വീഴ്ചകളിലും പരാജയങ്ങളിലും
ഈശോയെ അനുഗമിക്കുന്നതിനുള്ള തടസ്സങ്ങളിലും
എന്നെ താങ്ങിത്തുണയ്ക്കാൻ,
എന്റെ അമ്മേ, എന്റെ ആശ്രയമേ എന്നു വിളിച്ച്
അമ്മയുടെ വിമല ഹൃദയത്തിൽ ആശ്രയം തേടാൻ
എന്നെ സഹായിക്കണമേ.
ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 44 No. 5**

**വാല്യം 44 ലക്കം 5 ശ്ലീഹാക്കാലം മെയ് 2026**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- പന്തക്കുസ്തായും സുവിശേഷപ്രഘോഷണവും 5
- മർത്ത് മറിയവും പന്തക്കുസ്തായും 8
- ശ്ലീഹന്മാരിൽ നിറഞ്ഞപോൾ 12
- സഭയുടെ ഐക്യം ലോകത്തിനു മാതൃക 14
- ഒരു വാക്ക് ഒരു ജീവിതം 17
- ഡബ്ബിംഗ് 19
- സെനക്കിൾ തരംഗം 22
- വെളിച്ചമുള്ളവർ 23
- സഭയോടൊത്തുള്ള സഞ്ചാരം 25
- സെദെക്കിയാ 28
- അമ്മയോടൊപ്പം 30

# നിർമിതബുദ്ധിയല്ല.... പരിശുദ്ധാത്മാവിന്റെ നിമന്ത്രണം

**നി**ർമിതബുദ്ധിയുടെ കാലത്ത് മനുഷ്യവ്യക്തിത്വം സംരക്ഷിക്കേണ്ടതുണ്ടെന്ന ആമുഖത്തോടെ പ്രസിദ്ധീകരിച്ച 'മാഗ്നിഫിക്കാ ഹുമാനിത്താസ്'' (മഹത്തായ മനുഷ്യരാശി) എന്ന ലെയോ പതിനാലാമൻ മാർപാപ്പായുടെ ആദ്യചാക്രിക ലേഖനം ഇതിനോടകം ചർച്ചയായിക്കഴിഞ്ഞു. വിശ്വാസം ഒരിക്കലും ശാസ്ത്രത്തിനോ സാങ്കേതികവിദ്യകൾക്കോ എതിരല്ല. എങ്കിലും മനുഷ്യന്റെ അന്തസ്സിനും വ്യക്തിത്വത്തിനും ഹാനി വരുത്തുന്നതും അധാർമ്മികതയ്ക്കും മൂല്യച്യുതിക്കും വഴിയൊരുക്കുന്നതുമായ കണ്ടെത്തലുകളെല്ലാം ഒഴിവാക്കേണ്ടതുണ്ട്. കൃത്രിമബുദ്ധിയിലുള്ള അമിതമായ ആശ്രയത്വം ക്രമേണ ശാരീരിക, മാനസിക, ബൗദ്ധിക അടിമത്തത്തിലേക്കു നയിക്കും. ലാഭേച്ഛമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എ. ഐ. കമ്പനികളുടെ കിടമത്സരങ്ങൾക്കിടയിൽ ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ പരസ്പരവുമുള്ള ആരോഗ്യകരമായ ബന്ധങ്ങൾക്ക് ഇടമുണ്ടോ...?

തിരുസഭയിലുള്ള പരിശുദ്ധാത്മ പ്രവർത്തനങ്ങളെക്കുറിച്ചു ധ്യാനിക്കുന്ന ശ്ലീഹാക്കാലമാണിത്. നിർമിതബുദ്ധിയുടെ നിയന്ത്രണമല്ല, പരിശുദ്ധാത്മാവിന്റെ നിമന്ത്രണമാണ് വിശ്വാസികളായ നമ്മെ നയിക്കേണ്ടത്. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, നന്മ, കരുണ തുടങ്ങിയ ദൈവാത്മാവിന്റെ ഫലങ്ങളാണ് നമ്മുടെ ജീവിതത്തിൽ വിരുന്നൊരുക്കേണ്ടത്. യന്ത്രമനുഷ്യരായി മാറി യഥാർത്ഥ മനുഷ്യത്വം നഷ്ടപ്പെടുത്താൻ നമുക്കിടയാകാതിരിക്കട്ടെ. എല്ലാ കണ്ടുപിടുത്തങ്ങളും മനുഷ്യനന്മയ്ക്കുവേണ്ടി ഉപയുക്തമാക്കാനുള്ള വിവേകത്തിനായി ദൈവാത്മാവിന്റെ സഹായം നമുക്കു തേടാം.

ചീഫ് എഡിറ്റർ




# പന്തക്കുസ്തായും സുവിശേഷപ്രഘോഷണവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**പ**ന്തക്കുസ്തായും സഭയിലെ ആദ്യത്തെ സുവിശേഷപ്രഘോഷണവുമാണ് നടപടി പുസ്തകം 2,11-36 വാക്യങ്ങളിൽ നമുക്കു ലഭിക്കുന്നത്. ശ്ലീഹന്മാർ പന്ത്രണ്ടുപേരും മറ്റു വിശ്വാസികളോടൊപ്പം പരിശുദ്ധാത്മാവിൽ സ്നാനപ്പെടുകയും ശക്തിപ്പെടുകയും ചെയ്ത പശ്ചാത്തലത്തിലാണ് പത്രോസ്ശ്ലീഹാ മറ്റ് പതിനൊന്നു പേരോടുമൊപ്പം തന്റെ പ്രഥമ സുവിശേഷപ്രഘോഷണം നടത്തുന്നത്. പന്ത്രണ്ടു ശ്ലീഹന്മാരുടെ വക്താവ് എന്ന നിലയിലാണ് പത്രോസ്ശ്ലീഹാ ഇവിടെ സംസാരിക്കുന്നത്. ഈശോ ദൈവത്തിന്റെ അഭിഷിക്തനാണെന്ന് വിശ്വസിക്കുന്നവരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നിരിക്കുകയാണ്. അവർക്കു ലഭിച്ച ആത്മാവിന്റെ ദാനങ്ങൾ അവരുടെ വിശ്വാസം ശരിയാണെന്ന് അവർക്ക് ഉറപ്പു നല്കുന്നു. ആഗോള പ്രാതിനിധ്യമുള്ള ഒരു ജനക്കൂട്ടത്തെ പത്രോസ് അഭിസംബോധന ചെയ്യുന്നതായിട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈശോയുടെ നാമം വിളിച്ചപേക്ഷിക്കുന്നവർക്കെല്ലാം രക്ഷ വാഗ്ദാനം ചെയ്യുന്ന ഒരു അവതരണമാണ് പന്തക്കുസ്തായും പത്രോസിന്റെ സുവിശേഷപ്രഘോഷണവും

### പരിശുദ്ധാത്മാവിന്റെ ആഗമനം

ഏതവസരത്തിലാണ് പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെയും അവരോടൊപ്പമുണ്ടായിരുന്ന വിശ്വാസീസമൂഹത്തിന്റെയുംമേൽ ഇറങ്ങിവന്നത് എന്നു വ്യക്തമാക്കിക്കൊണ്ടാണ് നടപടിഗ്രന്ഥം രണ്ടാം അദ്ധ്യായം ആരംഭിക്കുന്നത്. യഹൂദരുടെ തിരുനാളുകളിലൊന്നായ പന്തക്കുസ്താ തിരുനാളിലാണ് പരിശുദ്ധാത്മാവിന്റെ ആഗമനം നടന്നത്. യഹൂദരുടെ തിരുനാളുകളിൽ ക്രൈസ്തവർ സ്വീകരിച്ച രണ്ടു തിരുനാളുകളാണ് പെസഹായും പന്തക്കുസ്തായും. അതിന്റെ കാരണം പെസഹായുടെ അവസരത്തിലാണ് ഈശോ കുർബാന സ്ഥാപിച്ചതും കുരിശിൽ തന്റെ രക്ഷാകരബലിയർപ്പിച്ചതും. അതുപോലെതന്നെ പെസഹായ്ക്ക് അമ്പതുദിവസത്തിനുശേഷം വരുന്ന പന്തക്കുസ്താദിനത്തിലാണ് ശ്ലീഹന്മാരുടെയും വിശ്വാസീസമൂഹത്തിന്റെയുംമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നത്. പരിശുദ്ധാത്മാവിന്റെ ഈ ആഗമനത്തെക്കുറിച്ചാണ് നടപടിഗ്രന്ഥം രണ്ടാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## അഗ്നിജ്ജ്വാലകൾ പോലുള്ള നാവുകൾ

പരിശുദ്ധാത്മാവിന്റെ ആഗമനത്തെപ്പറ്റി നടപടിഗ്രന്ഥം വിവരിക്കുന്നതിപ്രകാരമാണ്: "അഗ്നിജ്ജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവു കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി" (ശ്ലീഹാ 2,3-4). ഇവിടെ വിവരിക്കുന്നതിനു സമാനമായി ഈശോയുടെ മാമോദീസാവേളയിലും സംഭവിച്ചിരുന്നു (ലൂക്കാ 3,22). അതായത്, സ്വരം ഉണ്ടാവുകയും സ്നാനം സ്വീകരിച്ച ഈശോയുടെമേൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പറന്നിറങ്ങുകയും ചെയ്തു. ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായി കാറ്റിനെയും അഗ്നിയെയും പഴയനിയമത്തിൽ അവതരിപ്പിച്ചിട്ടുണ്ട് (സങ്കീ 104,4; പുറ 3,2). തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെയും അവരുടെ കൂടെയുള്ളവരുടെയുംമേൽ ഇറങ്ങിവരുന്നതിന് പ്രതീകാത്മകതയുണ്ട്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായ 'അഗ്നി', നാവിന്റെ രൂപത്തിൽ അവരിൽ ഇറങ്ങിയതിന്റെ പ്രതീകാത്മകത, പരിശുദ്ധാത്മാവിന്റെ ഈ ആഗമനംവഴി സുവിശേഷപ്രഘോഷണത്തിന് അവരുടെ നാവുകൾ ശക്തമായിത്തീരും എന്നതാണ്. നാവിന്റെ രൂപത്തിൽ 'അഗ്നി' അവരിൽ വന്നപ്പോൾ അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. 'വരാനിരിക്കുന്നവൻ പരിശുദ്ധാത്മാവിലും അഗ്നിയിലും നിങ്ങളെ സ്നാനപ്പെടുത്തും' (ലൂക്കാ 3,16) എന്ന് സ്നാപകയോഹന്നാൻ പ്രഖ്യാപിച്ചിരുന്നത് ഇവിടെ പൂർത്തിയാകുന്നുണ്ട്.

## ഭാഷാവരം

പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ ഭാഷാവരത്തിൽ സംസാരിക്കാൻ തുടങ്ങി എന്ന് 2,4 ൽ പറയുന്നു. ഭാഷാവരത്തിൽ സംസാരിക്കുക എന്നു പറഞ്ഞാൽ ഒരാൾക്ക് അറിഞ്ഞുകൂടാത്ത മറ്റു ഭാഷകളിൽ പറയുക എന്നാണർത്ഥം. ഇതിന് പഴയനിയമകാലത്തെ ഒരു സംഭവവുമായി ബന്ധമുണ്ട്. ഉൽപ 11,1-9 ൽ ബാബേൽഗോപുരം പണിയാൻ തുടങ്ങിയവർ പരസ്പരം മനസ്സിലാകാത്ത ഭാഷകളിൽ സംസാരിച്ച് വഴക്കടിച്ച് പിരിഞ്ഞുപോകുന്നതായാണ് കാണുന്നത്. എന്നാൽ ഇവിടെ ആ ഭാഷാവിഭജനം അപ്രത്യക്ഷമാകുകയാണ്. ദൈവാത്മാവിന്റെ സഹായത്താൽ ഏതു ഭാഷയും ഗ്രഹിക്കാൻ കഴിയുന്നതാണെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. ചിന്നിച്ചിതറിക്കിടക്കുന്ന ദൈവമക്കളായ മനുഷ്യർ ഈശോയുടെ മഹത്ത്വീകരണത്തിലൂടെ ഒന്നിക്കും എന്ന പ്രധാനപുരോഹിതന്റെ പ്രവചനം (യോഹ 11,51-52) പൂർത്തീകരിക്കപ്പെടുന്നതിന്റെ ഒരടയാളമായിട്ടും ഈ പന്തക്കുസ്താനുഭവത്തെ കാണുന്നതിൽ തെറ്റില്ല. "ആകാശത്തിൻകീഴുള്ള സകല ജനപദങ്ങളിലും നിന്നു വന്നവർ തങ്ങളോരോരുത്തരുടെയും ഭാഷകളിൽ ശ്ലീഹന്മാർ സംസാരിക്കുന്നതുകേട്ട് അത്ഭുതപ്പെടുകയും ചെയ്തു" (2,5-7) എന്ന പ്രസ്താവന ശ്ലൈഹികമായ സുവിശേഷപ്രഘോഷണത്തിന്റെ സാർവത്രികതയിലേക്ക് വിരൽചൂണ്ടുന്നുണ്ട്.

## പത്രോസിന്റെ പ്രഘോഷണം

ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പത്രോസിന്റെ പ്രഘോഷണം. സഭയിലെ ആദ്യത്തെ ഔദ്യോഗിക സുവിശേഷപ്രഘോഷണമാണ് നടപടി 2,14-36 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ശ്ലീഹന്മാർ പന്ത്രണ്ടുപേരും മറ്റു വിശ്വാസികളോടൊപ്പം പരിശുദ്ധാത്മാവിൽ സ്നാനപ്പെടുകയും ശക്തിപ്പെടുകയും ചെയ്തതാണ്. ആ ശക്തി

യിലാണ് മറ്റു പതിനൊന്നു പേരോടുമൊപ്പം പത്രോസ് തന്റെ പ്രഥമ പ്രഘോഷണം ആരംഭിക്കുന്നത്.

പത്രോസ്ശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിന്റെ ആദ്യഭാഗം പന്തക്കുസ്താദിവസം നടന്ന സംഭവത്തിന്റെ വിശദീകരണമാണ്. അന്യഭാഷക്കാർക്കും മനസ്സിലാക്കാമായിരുന്ന വിശ്വാസികളുടെ പ്രസംഗവും അതിനോടു ചേർന്നുണ്ടായ ശബ്ദകോലാഹലവും അവർ വീഞ്ഞുകുടിച്ചു ലഹരി പിടിച്ചതിന്റെ ഫലമല്ല. അപ്പോൾ ദിവസത്തിന്റെ മൂന്നാം മണിക്കൂർ മാത്രമേ ആയിരുന്നുള്ളൂ. മദ്യോന്മത്തരാകാനുള്ള സമയം ആയിരുന്നില്ല. നേരെമറിച്ച് ജോയേൽ 2,28-32 വരെയുള്ള ഭാഗത്തു കാണുന്ന പ്രവചനത്തിന്റെ പൂർത്തീകരണമാണ്. ഇപ്രകാരം പന്തക്കുസ്താനുഭവത്തിന്റെ സത്യാവസ്ഥ സമർത്ഥിച്ച ശേഷം പത്രോസ്ശ്ലീഹാ ക്രിസ്തീയസുവിശേഷം പ്രഘോഷിക്കുന്നു.

**സുവിശേഷപ്രഘോഷണമാതൃക**

സുവിശേഷപ്രഘോഷണമായി നാലു കാര്യങ്ങളാണ് പത്രോസ് എടുത്തുപറയുന്നത്.

1. ദൈവം തന്റെ മുൻനിശ്ചയപ്രകാരം നസ്രായനായ ഈശോയെ ലോകത്തിലേക്ക് അയച്ചു എന്ന വസ്തുത അത്ഭുതപ്രവൃത്തികളും അടയാളങ്ങളുംവഴി ഈശോ സ്വയം വെളിപ്പെടുത്തി.

2. അതു ഗ്രഹിക്കുവാൻ ശ്രമിക്കാതെ യഹൂദന്മാർ ദുഷ്ടമനുഷ്യരുമായി ചേർന്ന് അവിടുത്തെ കുരിശിൽ തറച്ചുകൊന്നു.

3. എന്നാൽ ഈശോയെ അടക്കിവച്ചുകൊണ്ടിരിക്കുവാൻ മരണത്തിനു കഴിയുമായിരുന്നില്ല. ആ വലിയ സത്യം സങ്കീ 16,8-11 വരെയുള്ള ഭാഗം ഉൾക്കൊള്ളുന്ന പ്രവചനം വെളിപ്പെടുത്തുന്നു. അതുപോലെ സങ്കീ 110,1 ൽ 'കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു' എന്ന പ്രവചന പ്രസ്താവനയിലെ 'എന്റെ കർത്താവ്' ഈശോയെ സൂചിപ്പിക്കുന്നു. അത് മരണത്തിന്മേലുള്ള ഈശോയുടെ എന്നേക്കുമുള്ള വിജയത്തെയാണ് സൂചിപ്പിക്കുന്നത്.

4. സങ്കീ 132,11 ൽ പറയുന്ന ദാവീദിന്റെ സിംഹാസനാവകാശിയായ യഥാർത്ഥ പിൻഗാമി ഈശോയാണ്. ആ ഈശോയെ ദൈവം ഉയിർപ്പിച്ച്, മിശിഹായും കർത്താവുമായി അവരോധിച്ചു. ആദിമസഭ ഈശോയെ 'കർത്താവ്' എന്ന് വിവക്ഷിച്ചുപോന്ന പാരമ്പര്യം ഇവിടെ കാണാം.

പന്തക്കുസ്താദിവസത്തിലെ പത്രോസിന്റെ സുവിശേഷപ്രഘോഷണംവഴി മൂവായിരത്തോളം പേർ മാമോദീസാ സ്വീകരിച്ചു എന്നും അങ്ങനെ സഭയുടെ പിറന്നാൾ അന്നാഘോഷിച്ചു എന്നും വ്യാഖ്യാതാക്കൾ ആലങ്കാരികമായി പറയുന്നു. പന്തക്കുസ്താദിവസം നടന്ന സുവിശേഷപ്രഘോഷണത്തിലൂടെ സഭ ജന്മം കൊണ്ടുവെങ്കിൽ, സഭയും സുവിശേഷപ്രഘോഷണവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നതിനു സംശയമില്ല. പന്തക്കുസ്താനുഭവം നവീകരിച്ചുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ ഈ ശ്ലീഹാക്കാലം നമുക്ക് അവസരമാകട്ടെ.



**റവ. ഡോ. അനീഷ് ജേക്കബ് കിഴക്കേവീട്**
ചങ്ങനാശ്ശേരി അതിരൂപത

**ആമുഖം**

ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നു: "പന്തക്കുസ്താ ഇല്ലാതെ സഭയില്ല; കന്യകാമറിയം ഇല്ലാതെ പന്തക്കുസ്തായുമില്ല". പരിശുദ്ധ കന്യകാമറിയവും പന്തക്കുസ്താ യും, മറ്റൊരർത്ഥത്തിൽ പരിശുദ്ധ മറിയവും റൂഹാദ്ക്കുദ്ശായും തമ്മിലുള്ള ആഴമായ ബന്ധം സൂചിപ്പിക്കുന്ന വാക്കുകളാണിത്. കാരണം, ജനനം മുതൽ പരിശുദ്ധ റൂഹായാൽ നിറഞ്ഞവളാ യിരുന്നു പരിശുദ്ധ അമ്മ. അതുകൊണ്ടാണല്ലോ മാലാഖ അമ്മയെ 'കൃപ നിറഞ്ഞവളേ' (ലൂക്ക 1,28) എന്ന് അഭിസംബോധന ചെയ്യുന്നത്. ജനനം മുതൽ കൃപ നിറഞ്ഞവളായിരുന്നു പരിശുദ്ധ അമ്മ.

പന്തക്കുസ്തായുടെ അന്ന് പരിശുദ്ധ റൂഹാ തീനാവുകളുടെ രൂപത്തിൽ വന്നപ്പോൾ ശ്ലീഹ ന്മാരോടൊപ്പം പരിശുദ്ധ അമ്മ ഉണ്ടായിരുന്നു എന്നത് തിരുസഭയുടെ വിശ്വാസവും പാരമ്പര്യ വുമാണ്. ഇതിന് ആധാരമായി നില്ക്കുന്നത് ശ്ലീഹന്മാരുടെ നടപടികൾ 1,14 ആണ്. "ഇവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോ ദരന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു". പന്തക്കുസ്താവരെ പരിശുദ്ധ അമ്മ ശ്ലീഹ ന്മാരോടൊപ്പം പ്രാർത്ഥനയിൽ മുഴുകി അവരെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. ഈശോയുടെ ഉത്ഥാനത്തിനു ശേഷമുള്ള "ശ്ലീഹന്മാരുടെ സമൂഹത്തിന്റെ ഹൃദയമാണ് കന്യകാമറിയം" എന്നാണ് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിക്കുന്നത്.

**മർത്ത് മറിയവും പരിശുദ്ധ റൂഹായും**

ഒരു മനുഷ്യവ്യക്തിയിൽ പരിശുദ്ധ റൂഹായുടെ ആവാസം ഏറ്റവും പ്രകടമായി കാണുന്നത് പരിശുദ്ധ അമ്മയിലാണ്. ഗബ്രിയേൽ മുഖ്യദൂതൻ മംഗളവാർത്ത അറിയിച്ചതിനുശേഷം പരിശുദ്ധ മറിയത്തിലുള്ള പരിശുദ്ധാത്മ ആവാസത്തെക്കുറിച്ച് സുറിയാനി സഭാപിതാക്കന്മാർ വിവരിക്കുന്നത് അതിമനോഹരമായിട്ടാണ്. നർസായി പറയുന്നു: "ഒരു പുതിയ രീതിയിൽ ദൈവം അവളുടെ ശരീരം ഒരുക്കി; അതു വിവാഹത്തിലൂടെ അല്ലായിരുന്നു. മനുഷ്യകുലത്തിന് ആത്മീയജന്മം നല്കുവാൻ ദൈവഹിതം അവളിൽ റൂഹായാൽ നിറച്ചു". മാർ അപ്രേം പറയുന്നത് ഇങ്ങനെയാണ്: "മാംസം അകലം സൂക്ഷിച്ചു. പരിശുദ്ധ റൂഹായിൽ മുളയെടുത്ത് അവൾ ഈശോയെ ഗർഭം ധരിച്ചു." ചുരുക്കിപ്പറഞ്ഞാൽ രക്ഷയുടെ നീർച്ചാലായ ഈശോയ്ക്ക് മറിയം ജന്മം നല്കിയത് പരിശുദ്ധാത്മ ശക്തിയാലാണ് എന്നാണ് സഭാപിതാക്കന്മാർ ഉറച്ച വിശ്വാസത്തോടെ പറയുന്നത്. പരിശുദ്ധ റൂഹായുടെ ആവാസത്താൽ പരിശുദ്ധ മറിയം ഈശോയെ ഗർഭം ധരിച്ചതിനെയും പരിശുദ്ധ കുർബാനയിൽ പരിശുദ്ധ റൂഹായുടെ ആവാസത്താൽ അപ്പവും വീഞ്ഞും ഈശോയുടെ ശരീരരക്തങ്ങളായി മാറുന്നതിനെയും സുറിയാനി സഭാപിതാക്കന്മാർ താരതമ്യം ചെയ്യുന്നുണ്ട്. പരിശുദ്ധ അമ്മയിൽ പരിശുദ്ധ റൂഹാ വന്നതിനെയും റൂഹാക്ഷണ പ്രാർത്ഥനയുടെ സമയത്ത് പരിശുദ്ധ റൂഹാ വരുന്നതിനെയും അവർ ഒരേ വാക്കുപയോഗിച്ചാണ് വിശേഷിപ്പിക്കുന്നത്. അത് "ആവസിക്കുക" എന്ന വാക്കാണ്.

പരിശുദ്ധ കുർബാനയിൽ പരിശുദ്ധാത്മാവ് അപ്പത്തെയും വീഞ്ഞിനെയും പവിത്രീകരിക്കുന്നതുപോലെ മംഗളവാർത്തയിൽ പരിശുദ്ധ റൂഹാ പരിശുദ്ധ അമ്മയെയും പവിത്രീകരിച്ചു. റൂഹായുടെ ആവാസത്താൽ മറിയം തന്റെ ഉദരത്തിൽ ഗർഭം ധരിച്ചെങ്കിൽ പരിശുദ്ധ കുർബാനയിൽ, അൾത്താരയിൽ ഈശോ ജന്മമെടുക്കുന്നു.

**മർത്ത് മറിയവും ശ്ലീഹന്മാരും**

ഈശോയുടെ ഉത്ഥാനത്തിനുശേഷം പരിശുദ്ധ അമ്മ ആദിമസഭയുടെ ഹൃദയമായി ശിഷ്യന്മാരോടൊപ്പം നിലകൊണ്ടു എന്നു നാം കണ്ടുകഴിഞ്ഞു. ശ്ലീഹന്മാരുടെ ഈ സമൂഹത്തിൽ അമ്മ എന്തെടുക്കുകയായിരുന്നു എന്ന് ഫ്രാൻസിസ് മാർപാപ്പ 'ദെസിദേരിയോ ദെസിദെരാവി' എന്ന തന്റെ ശ്ലൈഹിക ലേഖനത്തിൽ പറയുന്നുണ്ട്. ഈശോയുടെ കല്പനപ്രകാരം ആദിമസമൂഹം 'അപ്പം മുറിച്ചത്' പരിശുദ്ധ അമ്മയുടെ 'നോട്ടത്തിനു' (ഴമ്വല) മുമ്പിലായിരുന്നു. ശിഷ്യന്മാർ ഈശോയുടെ ബലിയർപ്പിച്ചപ്പോൾ അമ്മ അവരുടെ ചെയ്തികൾ 'വീക്ഷിച്ചു' എന്നാണ് ഫ്രാൻസിസ് പാപ്പാ പറയുന്നത്.

മാതാവിന്റെ ഹൃദയത്തിൽ എപ്പോഴും ശ്ലീഹന്മാർക്ക് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. അത് അമ്മയുടെ മരണവേളയിൽ കാണുവാൻ സാധിക്കും. മാതാവിന്റെ ശൂനായയെക്കുറിച്ചുള്ള (സ്വർഗാരോപണം) അപ്പോക്രിഫലുകളിൽ, ഗബ്രിയേൽ മുഖ്യദൂതൻ മാതാവിന്റെ മരണസമയം അടുത്തിരിക്കുന്നു എന്ന് അറിയിക്കുന്ന വിവരണം ഉണ്ട്. തന്റെ മരണസമയം അടുത്തിരിക്കുന്നു എന്നു മനസ്സിലാക്കിയ പരിശുദ്ധ അമ്മയ്ക്ക്, ലോകത്തിന്റെ നാനാദിക്കുകളിൽ ഈശോയുടെ സുവിശേഷം അറിയിക്കാൻ പോയിരിക്കുന്ന എല്ലാ ശ്ലീഹന്മാരെയും തന്റെ മരണക്കിടയ്ക്കക്കരുകിൽ കാണണം എന്ന വലിയ ആഗ്രഹമുണ്ടായി. ആ ആഗ്രഹം അമ്മ തന്റെ മകനെ അറിയിക്കുകയും പരിശുദ്ധ റൂഹായുടെ പ്രത്യേക ശക്തിയാൽ ശിഷ്യന്മാരെല്ലാവരും മാതാവിന്റെ അടുക്കൽ വരികയും ചെയ്യുന്നു. ഇവരുടെ സാന്നിദ്ധ്യത്തിലാണ് പരിശുദ്ധ അമ്മ മരിക്കുകയും കബ

റടക്കപ്പെടുകയും ചെയ്യുന്നത്. ശിഷ്യന്മാർ മാതാവിന്റെ കബറിടത്തിൽ നില്ക്കുമ്പോഴാണ് ഈശോ മാലാഖമാരുടെ അകമ്പടിയോടെ വന്ന് മറിയത്തിന്റെ ആത്മശരീരങ്ങൾ പറുദീസായിലേക്കു കൊണ്ടുപോകുന്നത്.

ശിഷ്യന്മാരുടെ ജീവിതത്തിൽ പരിശുദ്ധ അമ്മയ്ക്ക് വലിയ ഒരു പങ്കുണ്ടായിരുന്നു എന്ന് ഈ സംഭവത്തിലൂടെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

**മർത്ത് മറിയവും യോഹന്നാൻശ്ലീഹായും**

കുരിശിൽ കിടന്നുകൊണ്ട് ഈശോ പരിശുദ്ധ അമ്മയെ യോഹന്നാന് തന്റെ അമ്മയായി നല്കി (യോഹ 19,26-27). ഇവിടെ യോഹന്നാൻശ്ലീഹാ സഭയുടെ പ്രതിനിധിയാണ്. ഈ അനുഭവത്തിലൂടെ യഥാർത്ഥത്തിൽ പരിശുദ്ധ മറിയം സഭയുടെ മുഴുവൻ അമ്മയായി തീരുകയായിരുന്നു.

മാതാവിന്റെ കബറടക്കവേളയിലുള്ള സുന്ദരമായ ഒരു സംഭവം സുറിയാനി പിതാവായ സെറുഗിലെ യാക്കോബ് വിവരിക്കുന്നുണ്ട്: "ഈശോയുടെ കബറടക്കവേളയിൽ നിക്കദേമൂസ് ഈശോയുടെ ശരീരം സുഗന്ധതൈലം പൂശി കച്ചയാൽ പൊതിഞ്ഞപോലെ മറിയത്തിന്റെ കബറടക്കവേളയിൽ അവളുടെ ശരീരം യോഹന്നാൻ കച്ചയാൽ പൊതിഞ്ഞു". സഭയുടെ പ്രതിനിധിയായ യോഹന്നാൻ മാതാവിനു വലിയ ആദരവു നല്കിയപോലെ സഭാമക്കളായ നാം അമ്മയ്ക്കു വലിയ വണക്കം നല്കണം എന്നതാണു തിരുസഭയുടെ ആഗ്രഹം.

**വിത്തുകളുടെയും വിളവുകളുടെയും സംരക്ഷകയായ മറിയത്തിന്റെ തിരുനാൾ - മെയ് 15**

നാലാം നൂറ്റാണ്ടിലും അഞ്ചാം നൂറ്റാണ്ടിലും എഴുതപ്പെട്ട മാതാവിന്റെ ശൂനായയെക്കുറിച്ചുള്ള അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മൂന്നു തിരുനാളുകൾ ആഘോഷിക്കാനാണു പറയുന്നത്:

1. ഈശോയുടെ ജനനത്തിരുനാളിനു ശേഷമുള്ള വെള്ളിയാഴ്ച
2. മെയ് മാസം 15-ാം തീയതി
3. ഓഗസ്റ്റ് മാസം 15-ാം തീയതി

എന്താണു മെയ് മാസം പതിനഞ്ചാം തീയതി ആഘോഷിക്കപ്പെടുന്ന തിരുനാൾ? പാശ്ചാത്യസുറിയാനി (മലങ്കര) പാരമ്പര്യത്തിൽ ഇതിനെ "കതിരുകളുടെ നാഥയുടെ തിരുനാൾ" എന്നാണു വിളിക്കുന്നത്; പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ (സീറോ മലബാർ) ഇതിനെ "വിത്തുകളുടെയും വിളവുകളുടെയും സംരക്ഷകയായ മർത്ത് മറിയത്തിന്റെ തിരുനാൾ" എന്നും.

എന്താണ് മാതാവും കാർഷികവൃത്തിയുമായുള്ള ബന്ധം? ഈ തിരുനാളിന്റെ നാമം വാച്യാർത്ഥത്തിൽ നാം മനസ്സിലാക്കുകയാണെങ്കിൽ പരിശുദ്ധ അമ്മ കർഷകരെയും അവർ നടത്തുന്ന കൃഷിയെയും സംരക്ഷിക്കുന്ന വ്യക്തിയാണ് എന്നു തോന്നും. ഒരർത്ഥത്തിൽ അതു ശരിയാണ്. ദൈവമക്കളുടെ അമ്മയായ മറിയം നമ്മെയും നമ്മുടെ പ്രവൃത്തികളെയും സംരക്ഷിക്കുന്നവളാണ്.

എന്നാൽ ഈ തിരുനാളിന് ആഴമായ ഒരർത്ഥമുണ്ട്. ഈ അർത്ഥം മനസ്സിലാക്കിയാൽ സുറിയാനി സഭ എങ്ങനെയാണു മാതാവിനെ മനസ്സിലാക്കുന്നതെന്നും വണങ്ങുന്നതെന്നും നമുക്കു ബോധ്യപ്പെടും. സുറിയാനി പിതാക്കന്മാർ പരിശുദ്ധ മറിയത്തിന് അനേകം വിശേഷണങ്ങൾ നല്കാറുണ്ട്. അതിൽ ഒന്നാണ് 'കന്യകയായ ഭൂമി'.

കന്യകയായ ഭൂമിയാണ് ആദ്യമനുഷ്യനായ ഒന്നാം ആദത്തിനു ജന്മം നല്കിയത്. മണ്ണിൽ നിന്നാണല്ലോ ദൈവം ആദത്തിനു ജന്മം നല്കിയത്. അതുപോലെ രണ്ടാം ആദമായ ഈശോയ്ക്കു ജന്മം നല്കിയത് കന്യകയായ മറിയമാണ്. ഇക്കാരണത്താലാണ് മാതാവിനെ 'കന്യകയായ ഭൂമി' എന്നു വിശേഷിപ്പിക്കുന്നത്. ഭൂമിയും നിലവുമാണ് കൃഷി ചെയ്യാനുപയോഗിക്കുന്ന ഇടമെന്നതിനാലും മാതാവിനെ ഭൂമി എന്നു വിശേഷിപ്പിക്കുന്നതിനാലും പൂർവ്വികരായ ക്രിസ്ത്യാനികൾ മാതാവിനെ കൃഷിയുമായി ബന്ധിപ്പിക്കുകയും കർഷകരുടെ സംരക്ഷകയായി പരിഗണിക്കുകയും ചെയ്തു.

കൂടാതെ ഭൂമിയിൽനിന്നാണ് ഗോതമ്പുമണി ഉടലെടുക്കുന്നത്. ഈ ഗോതമ്പിൽനിന്നാണ് പരിശുദ്ധ കുർബാനയ്ക്കായുള്ള അപ്പം നിർമിക്കുന്നത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഭൂമി പരിശുദ്ധ കുർബാനയ്ക്കുള്ള അപ്പത്തിനു ജന്മം കൊടുക്കുന്നു. അതുപോലെ കന്യകയായ ഭൂമിയായ മറിയം പരിശുദ്ധ കുർബാനയായ ഈശോയ്ക്കു ജന്മം നല്കി. മാർ അപ്രേം പറയുന്നു: "ദാഹാർത്തഭൂമിയായ മറിയത്തിൽ അവിടുന്നു പനിമഞ്ഞും ജീവദായകമഴയും വർഷിച്ചു. പുതിയ കതിർക്കുലയായും പുതിയ അപ്പമായും തീരാൻ, ഗോതമ്പുമണിപോലെ അവൻ വീണ്ടും പാതാളത്തിൽ നിപതിച്ചു. അവന്റെ അർപ്പണം വാഴ്ത്തപ്പെട്ടതാകുന്നു".

സുറിയാനി പിതാക്കന്മാർ പരിശുദ്ധ മറിയത്തെ വിശേഷിപ്പിക്കുന്ന മറ്റൊരു നാമം 'പറുദീസായിലെ അത്ഭുത വൃക്ഷം' എന്നാണ്. പറുദീസായിൽ രണ്ടു വൃക്ഷങ്ങളായിരുന്നു ഉണ്ടായിരുന്നത്. ജീവന്റെ വൃക്ഷവും നന്മതിന്മകളുടെ അറിവിന്റെ വൃക്ഷവും. ആദവും ഹാവായും അറിവിന്റെ വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചപ്പോൾ ഈ ലോകത്തിലേക്കു മരണം കടന്നുവന്നു. അങ്ങനെയെങ്കിൽ എപ്പോഴാണ് ഈ ലോകത്തിലേക്കു ജീവൻ കടന്നുവന്നത്? അത് ഈശോയിലൂടെയാണ്. ജീവന്റെ വൃക്ഷത്തിന്റെ ഫലമാണ് ഈശോ. ഈശോയാകുന്ന ഫലമാണ് നമുക്കു നിത്യജീവൻ നല്കുന്നത്. ജീവൻ നല്കുന്ന ഫലമായ ഈശോയ്ക്കു ജന്മം നല്കിയതിനാലാണ് മറിയത്തെ 'അത്ഭുതവൃക്ഷം' എന്നു വിളിക്കുന്നത്. ജീവന്റെ ഫലമായ ഈശോയെ ജീവവൃക്ഷമായ പരിശുദ്ധ മറിയത്തിനു സംരക്ഷിക്കാമായിരുന്നെങ്കിൽ തീർച്ചയായും ഈ ഭൂമിയിലുള്ള സകല വിളവുകളെയും സംരക്ഷിക്കും. ഈ അർത്ഥത്തിലും അമ്മ കതിരുകളുടെയും വിളവുകളുടെയും അമ്മയാണ്.

ഇവിടെയും പരിശുദ്ധ കുർബാനയുമായി അമ്മയ്ക്കു ബന്ധമുണ്ട്. സഭാപിതാക്കന്മാർ ജീവന്റെ വൃക്ഷത്തിന്റെ ഫലമായി ചിത്രീകരിക്കുന്നത് പരിശുദ്ധ കുർബാനയായ ഈശോയെയാണ്. അങ്ങനെ നോക്കുമ്പോൾ പരിശുദ്ധ കന്യകാമറിയം ജന്മം നല്കിയത് പരിശുദ്ധ കുർബാനയ്ക്കാണ്.

അക്കാരണത്താൽ മെയ് പതിനഞ്ചാം തീയതി സഭ ആഘോഷിക്കുന്ന മരിയൻ തിരുനാൾ പ്രത്യക്ഷത്തിൽ കാർഷികവൃത്തിയോടു ബന്ധപ്പെട്ടിരിക്കുന്ന ഒരു തിരുനാൾ എന്നു തോന്നുമെങ്കിലും യഥാർത്ഥത്തിൽ ഇതു പരിശുദ്ധ അമ്മയും പരിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം വെളിവാക്കുന്ന തിരുനാൾ ആണ്.

**ഉപസംഹാരം**

വചനമാകുന്ന വിത്ത് ഹൃദയത്തിൽ സ്വീകരിച്ചപ്പോഴാണ് പരിശുദ്ധ അമ്മ കുർബ്ബാനയാകുന്ന ഈശോയ്ക്കു ജന്മം നല്കിയത്. പന്തക്കുസ്തായുടെ ശക്തിയാൽ ലോകമെങ്ങും ഈശോയുടെ വചനം അറിയിച്ച ശിഷ്യന്മാരുടെ പിൻഗാമികളാകണമെങ്കിൽ മാതാവിനെപ്പോലെ നാം ഹൃദയത്തിൽ ദൈവവചനം സ്വീകരിക്കണം.



# ശ്ലീഹന്മാരിൽ നിറഞ്ഞപ്പോൾ....

**മേഴ്സി വെട്ടിക്കുഴക്കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ആ**ഘോഷമായ വിശുദ്ധകുർബാനസ്വീകരണത്തിനായി കുട്ടികൾക്ക് പ്രത്യേകമായി ക്ലാസു നല്കി ഒരുക്കുന്ന വേളയിൽ, 'പരിശുദ്ധാത്മാവ് ആരാണ്?' എന്ന ചോദ്യത്തിന് മിടുക്കനായ ഒരു കുട്ടി ചാടിയെഴുന്നേറ്റ് 'പ്രാവ്' എന്ന ഉത്തരം നല്കി. അവന്റെ അറിവനുസരിച്ചുള്ള ഉത്തരം!! എന്നാൽ വിശ്വാസത്തിൽ വളർച്ച പ്രാപിച്ചു എന്നവകാശപ്പെടുന്ന നമുക്ക് പരിശുദ്ധാത്മാവിനെക്കുറിച്ച് എത്രമാത്രം അറിവുണ്ടെന്ന് പരിശോധിക്കുന്നത് നല്ലതാണ്.

"നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവുവഴി ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ 5,5). പരി. ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ് നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. മാമോദീസായിലൂടെ നമ്മിൽ ഓരോരുത്തരിലും വാസമുറപ്പിച്ചിരിക്കുന്ന പരിശുദ്ധാത്മാവ് ദൈവസ്നേഹത്തിൽ വളർന്നുവരുവാൻ നമ്മെ സഹായിക്കുന്നു. അങ്ങനെ യഥാർത്ഥ ദൈവമക്കളായി നമ്മെ രൂപപ്പെടുത്തുകയും സഭയുടെ സജീവ അംഗങ്ങളായി വർത്തിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

"ദൈവത്തിന്റെ ചിന്തകൾ ഗ്രഹിക്കുക ദൈവാത്മാവിനല്ലാതെ മറ്റാർക്കും സാധ്യമല്ല" (1 കോറി 2,11). ദൈവഹിതം തിരിച്ചറിയുവാനും ദൈവിക ചിന്തകൾക്കനുസരണം വ്യാപരിക്കു

വാനും അങ്ങനെ ഈശോമിശിഹായുടെ പരിമളമായിത്തീരുവാനും പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുന്നു. 'പരിശുദ്ധാത്മാവേ എഴുന്നള്ളി വരണമേ' എന്നുള്ള പ്രാർത്ഥനയിൽ 'വാടിപ്പോയത് നനയ്ക്കുക, രോഗമുള്ളതു സുഖപ്പെടുത്തുക, കടുപ്പമുള്ളത് മയപ്പെടുത്തുക, തണുപ്പുള്ളത് ചൂടുപിടിപ്പിക്കുക, നേർവഴിയല്ലാതെ പോയത് തിരിക്കുക" എന്ന് നാം പ്രാർത്ഥിക്കുന്നു. അർത്ഥവത്തായ ഈ പ്രാർത്ഥന ചൊല്ലുമ്പോൾ ഇവയെല്ലാം പരിശുദ്ധാത്മാവായ ദൈവത്തിന്റെ പ്രവർത്തനങ്ങളാണെന്ന് ഇനി മറക്കാതിരിക്കാം.

സോഷ്യൽ മീഡിയാൽ വന്ന ഒരു ചെറിയ ചിന്തകൂടി പങ്കുവയ്ക്കാം: "ഒരിക്കൽ ഒരു മരംവെട്ടുകാരൻ തടിമില്ലിൽ ജോലിക്കു ചേർന്നു. നല്ല ശമ്പളവും സൗകര്യങ്ങളും ലഭിച്ചതുകൊണ്ട് വളരെ ആവേശത്തോടെ അയാൾ ജോലി ചെയ്തു. ആദ്യത്തെ ദിവസം 18 മരങ്ങൾ മുറിച്ചു. മുതലാളിക്ക് വളരെ സന്തോഷമായി. അദ്ദേഹം മരംവെട്ടുകാരനെ അഭിനന്ദിച്ചു. കൂടുതൽ ആവേശത്തോടെ അടുത്ത ദിവസം അതിനേക്കാൾ കൂടുതൽ പരിശ്രമിച്ചു. എന്നാൽ 15 മരങ്ങൾ മുറിക്കാനേ അന്നു സാധിച്ചുള്ളു. അത് പിന്നെ 10 ആയി കുറഞ്ഞു. ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ അധ്വാനിച്ചിട്ടും അദ്ദേഹം മുറിക്കുന്ന മരങ്ങളുടെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം സങ്കടത്തോടെ മുതലാളിയെ സമീപിച്ചു. മുതലാളി അദ്ദേഹത്തോട് ഒരു കാര്യം ചോദിച്ചു: "അവസാനമായി നിന്റെ കോടാലിയുടെ മൂർച്ച കൂട്ടിയത് എന്നായിരുന്നു?"

ചിന്തകൾക്ക് മൂർച്ച കൂട്ടാൻ കഠിനാദ്ധ്വാനം മാത്രം പോരാ, സ്വയം നവീകരിക്കപ്പെടാൻ സമയം കണ്ടെത്തണം. പരിശുദ്ധാരൂപിയാൽ ശക്തി പ്രാപിച്ചെങ്കിൽ മാത്രമേ നാം ചെയ്യുന്ന ഓരോ പ്രവർത്തനവും വിജയത്തിലെത്തുകയുള്ളൂ. നമ്മുടെ പദ്ധതികൾ തകിടംമറിയുമ്പോൾ, തകർന്നുപോകുമ്പോൾ അതിന്റെ പിന്നിലുള്ള ദൈവികപദ്ധതികളെ മനസ്സിലാക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും. പരിശുദ്ധാത്മാവായ ദൈവം നമ്മിൽ നിറയുമ്പോൾ നമ്മുടെ ശക്തിക്ക് അതീതമായവപോലും നമുക്ക് ഏറ്റെടുക്കാനാവും. പരിശുദ്ധാത്മ ശക്തിയാൽ നിറയപ്പെട്ട് വിശുദ്ധമായ ഒരു ജീവിതം നയിക്കാൻ, സെഹിയോൻ മാളികയിൽ ശിഷ്യന്മാർ പ്രാർത്ഥിച്ചതുപോലെ നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തോടു ചേർന്നു നമുക്കും പ്രാർത്ഥിക്കാം:

"ശ്ലീഹന്മാരിൽ നിറഞ്ഞപോൾ ശക്തിയേകി നയിക്കണേ....




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# സഭയുടെ ഐക്യം ലോകത്തിന് മാതൃക

**റവ. ഫാ. ലിൻസ് കളത്തൂർ**
**കോതമംഗലം രൂപത**

സഭയുടെ ഐക്യം കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങളിൽ ഒന്നാണ്. ഈശോമിശിഹാ സ്ഥാപിച്ച സഭ ഒരു കൂട്ടായ്മ മാത്രമല്ല; അത് മിശിഹായുടെ ശരീരവും ആത്മീയ കുടുംബവുമാണ്. ഭാഷകളും സംസ്കാരങ്ങളും ആചാരങ്ങളും വ്യത്യസ്തമായിരുന്നാലും വിശ്വാസത്തിൽ എല്ലാവരും ഒന്നാകുന്നതാണ് സഭയുടെ സൗന്ദര്യം.

ഇന്നത്തെ ലോകം വിഭജനങ്ങളുടെയും സ്വാർത്ഥതയുടെയും വൈരാഗ്യത്തിന്റെയും മുറിവുകളിൽ കഴിയുമ്പോൾ സഭ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും അടയാളമാകണം. ഈശോ തന്റെ ശിഷ്യർക്കായി നടത്തിയ ഏറ്റവും വലിയ പ്രാർത്ഥന ഐക്യത്തിനു വേണ്ടിയുള്ളതാണ്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). ഈ പ്രാർത്ഥന സഭയുടെ ദൗത്യത്തിന്റെ ഹൃദയമാണ്.

◆ **ത്രിത്വത്തിൽ അധിഷ്ഠിതമായ ഐക്യം**

സഭയുടെ ഐക്യത്തിന്റെ ഉറവിടം പരിശുദ്ധ ത്രിത്വമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ ദൈവിക സ്നേഹത്തിൽ ഒന്നായിരിക്കുന്നതുപോലെ സഭയും സ്നേഹത്തിൽ ഒന്നാകണം. വിശുദ്ധ പൗലോസ് പറയുന്നു: "ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ" (എഫേ 4,4-5). സഭയുടെ ഐക്യം എല്ലാവരും ഒരേപോലെ ആകുന്നതല്ല; മറിച്ച് വ്യത്യാസങ്ങൾക്കിടയിലും സ്നേഹത്തിൽ ഒരുമിച്ചു

നിൽക്കുന്നതാണ്. ശരീരത്തിലെ ഓരോ അവയവത്തിനും വ്യത്യസ്ത ദൗത്യമുണ്ടെങ്കിലും അവ ഒരേ ജീവൻ പങ്കിടുന്നതുപോലെ വൈവിധ്യങ്ങളിലും സഭ ഐക്യത്തിൽ ചേരുന്നു. എല്ലാവർക്കും വ്യത്യസ്ത ദൗത്യങ്ങളുണ്ടെങ്കിലും എല്ലാവരും ഒരേ മിശിഹായുടെ ശരീരത്തിന്റെ ഭാഗങ്ങളാണ്.

### ◆ ആദിമ സഭയിലെ ഐക്യം

ശ്ലീഹന്മാരുടെ നടപടിയിൽ ആദ്യ ക്രൈസ്തവസമൂഹത്തിന്റെ ജീവിതം അതീവ മനോഹരമായി വിവരിക്കുന്നു. "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു" (ശ്ലീഹ 2,44) ആദിമസഭയിലെ വിശ്വാസികൾ പ്രാർത്ഥനയിലും പരി. കുർബാനയിലും സഹോദര സ്നേഹത്തിലും ഒന്നായിരുന്നു. അവരുടെ ഐക്യം ലോകത്തിന് വലിയ സാക്ഷ്യമായി. വി. പത്രോസും വി. പൗലോസും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും അവർ സഭയുടെ നന്മക്ക് മുൻതൂക്കം നൽകി. ഒടുവിൽ ഇരുവരും മിശിഹായ്ക്കുവേണ്ടി ജീവൻ അർപ്പിച്ചു. മിശിഹായാണ് നമ്മുടെ ഐക്യത്തിന്റെ അടിസ്ഥാനം. കൂട്ടായ്മയിലുള്ളവരെ ഒരുമിപ്പിച്ചു ചേർക്കാൻ എല്ലാവർക്കും കടമയുണ്ട്.

ഒരിക്കൽ ഒരു ഇടവകയിൽ യുവജനസംഘവും മാതൃവേദിയും തമ്മിൽ ചെറിയ കാര്യങ്ങളെച്ചൊല്ലി തർക്കമുണ്ടായി. തിരുന്നാളിന്റെ ക്രമീകരണങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ വർധിച്ചപ്പോൾ വികാരിയച്ചൻ എല്ലാവരെയും ഒരുമിച്ചു വിളിച്ച് പ്രതീകാത്മകമായി ഒരു മെഴുകുതിരി തെളിച്ചു പറഞ്ഞു: "ഈ ഒരൊറ്റ മെഴുകുതിരിയിൽനിന്നാണ് നിങ്ങൾക്കെല്ലാവർക്കും തീ പകരുന്നത്. തീ പങ്കുവെച്ചതുകൊണ്ട് ആദ്യത്തെ മെഴുകുതിരിയുടെ പ്രകാശം കുറയുന്നില്ല". അപ്പോൾ എല്ലാവർക്കും കാര്യം മനസ്സിലായി. ഐക്യം എന്നത് സ്വന്തം മഹത്ത്വം കുറയുന്നതല്ല; മറിച്ച് മറ്റുള്ളവരെയും പ്രകാശിപ്പിക്കുന്നതാണ്. സഭയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. എന്നാൽ സ്നേഹമില്ലാത്ത അഭിപ്രായം സഭയെ തകർക്കും. സത്യം പറയുമ്പോഴും അത് സ്നേഹത്തോടെ പറയാൻ കഴിയണം.

### ◆ പരിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശ

പരിശുദ്ധ കുർബാന സഭയുടെ ഐക്യത്തിന്റെ ഏറ്റവും വലിയ അടയാളമാണ്. "അപ്പം ഒന്നേയുള്ളു. അതിനാൽ, പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്" (1 കോറി 10,17). പരി. കുർബാനയിൽ എല്ലാവരും ഒരേ മേശയ്ക്കരികിൽ ഒന്നാകുന്നു. അവിടെ സമ്പന്നനും ദരിദ്രനും ഒരേ കർത്താവിന്റെ ശരീരം സ്വീകരിക്കുന്നു. പരി. കുർബാന നമ്മെ ദൈവത്തോടു മാത്രമല്ല, പരസ്പരവും ഒന്നാക്കുന്നു. വി. മദർ തെരേസ തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവരിൽപോലും മിശിഹായെ കണ്ടു. "ഞാൻ അവരിൽ മിശിഹായെ കാണുന്നു" എന്നാണ് ഇതിനെക്കുറിച്ചു മദർ പറഞ്ഞത്. പാവപ്പെട്ടവരെയും വേദന അനുഭവിക്കുന്നവരെയും മിശിഹായിലേക്ക് നയിക്കുന്നതാകണം ക്രിസ്തീയ ജീവിതത്തിന്റെ കാതൽ.

ഒരു ഇടവകയിൽ ഒറ്റപ്പെട്ട നിലയിൽ ജീവിക്കുന്ന ഒരു ദരിദ്ര കുടുംബം.... തിരുനാൾ സമയത്ത് ചില യുവാക്കൾ ചേർന്ന് അവരുടെ വീട് വൃത്തിയാക്കി, കുട്ടികൾക്ക് വസ്ത്രം വാങ്ങി നൽകി, അവരെ കുർബാനയിൽ പങ്കെടുപ്പിച്ചു. ഇതെല്ലാം കണ്ടുകൊണ്ട് രോഗാവസ്ഥയിൽ

കഴിയുന്ന അവരുടെ അമ്മ കരഞ്ഞുകൊണ്ട് പറഞ്ഞു: "ഞങ്ങൾ ഈ ഇടവകയുടെ ഭാഗമാണെന്ന് ഇന്ന് ആദ്യമായി തോന്നുന്നു". പരി. കുർബാന സ്വീകരിക്കുന്നവന്റെ ദൗത്യമാണ് കരുണ. കുർബാന സ്വീകരിച്ചിട്ടും മറ്റൊരാളെ വെറുക്കുന്ന ഹൃദയം യഥാർത്ഥ കുർബാനജീവിതമല്ല. മിശിഹായെ സ്വീകരിക്കുന്നവൻ സഹോദരനെയും സ്വീകരിക്കണം.

◆ **പരിശുദ്ധാത്മാവും ഐക്യവും**

പരിശുദ്ധാത്മാവാണ് സഭയുടെ ഐക്യത്തിന്റെ ആത്മാവ്. പന്തക്കുസ്താദിനത്തിൽ വിവിധ ഭാഷക്കാരായ ആളുകൾ ഒരേ സന്ദേശം മനസ്സിലാക്കി. "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും" (ശ്ലീഹ 1,8). പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹം, സമാധാനം, ക്ഷമ തുടങ്ങിയവ ഇല്ലാതെ സഭയിൽ ഐക്യം നിലനിൽക്കില്ല. സഭയിൽ കലഹങ്ങൾ നിറഞ്ഞിരുന്ന സമയത്ത് വി. ഫ്രാൻസിസ് അസ്സീസി സ്നേഹവും വിനയവുംകൊണ്ടാണ് സഭയെ നവീകരിച്ചത്. സ്നേഹിക്കാൻ കഴിയാത്തവന് എങ്ങനെ സഭയെ സേവിക്കാൻ കഴിയും? സ്കൂളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടിയെ ചിലർ കളിയാക്കി. അതു കാണാനിടയായ അധ്യാപിക ഒരു ദിവസം ക്ലാസിൽ കുറച്ചു തീക്കട്ടകൾ എടുത്തു കാണിച്ചു. ഒന്നിച്ചിരുന്നപ്പോൾ അത് ശക്തമായി കത്തി; വേർതിരിച്ചപ്പോൾ അത് പെട്ടെന്ന് കെട്ടുപോയി. തുടർന്ന് ടീച്ചർ പറഞ്ഞു: "ഒറ്റപ്പെട്ടാൽ മനുഷ്യർ ദുർബലമാകും; ഒന്നിച്ചാൽ ശക്തരാകും". സഭയിൽ ആരെയും ഒറ്റപ്പെടുത്തരുത്. ഒറ്റപ്പെടുന്നവരെ ചേർത്തുപിടിക്കുമ്പോഴാണ് മിശിഹായുടെ സ്നേഹം ലോകം കാണുന്നത്.

◆ **ക്ഷമയും ഐക്യവും**

ക്ഷമയില്ലാതെ യഥാർത്ഥ ഐക്യം സാധ്യമല്ല. മനുഷ്യഹൃദയത്തിലെ അഹങ്കാരവും അസൂയയും വിഭജനങ്ങൾക്ക് കാരണമാകുന്നു. വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തന്റെ നേരെ വെടിവെച്ച ആളോട് ക്ഷമിക്കുകയും ജയിലിൽചെന്ന് സന്ദർശിക്കുകയും ചെയ്തു. ഇതുകണ്ട് ലോകം അത്ഭുതപ്പെട്ടു. എന്നാൽ ആ ക്ഷമ മിശിഹായുടെ സ്നേഹത്തിന്റെ ജീവനുള്ള സാക്ഷ്യമായി മാറി. ഈശോ ക്രൂശിൽപോലും പറഞ്ഞു: "പിതാവേ, അവരോടു ക്ഷമിക്കണമേ" (ലൂക്കാ 23,34). അഹങ്കാരം ബന്ധങ്ങളെ തകർക്കും; വിനയം ബന്ധങ്ങളെ രക്ഷിക്കും. 'ആദ്യം ഞാൻ ക്ഷമ ചോദിക്കേണ്ടതെന്തിന്' എന്ന ചിന്തയാണ് വിഭജനത്തിന്റെ തുടക്കം.

◆ **സഭയും ഇന്നത്തെ ലോകവും**

ഇന്നത്തെ ലോകം ജാതി, മതം, രാഷ്ട്രീയം, ഭാഷ, സമ്പത്ത് തുടങ്ങിയവയുടെ പേരിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സഭ സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും സാക്ഷിയാകണം. സഭയുടെ ഐക്യം വെറും ദൈവാലയത്തിനുള്ളിൽ മാത്രമല്ല; കുടുംബങ്ങളിലും സമൂഹങ്ങളിലും പ്രതിഫലിക്കണം. ഭിന്നതകളെ മറികടന്ന് മറ്റുള്ളവരെ സ്വീകരിക്കുന്ന മനോഭാവം സഭ ലോകത്തിന് നൽകേണ്ട ഏറ്റവും വലിയ സന്ദേശമാണ്. ഓരോ വിശ്വാസിയും കുടുംബത്തിലും ഇടവകയിലും സമൂഹത്തിലും ഐക്യം വളർത്താൻ ശ്രമിക്കണം. അപ്പോൾ മാത്രമേ ഈശോയുടെ പ്രാർത്ഥന നമ്മുടെ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടൂ: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21).



# ഒരു വാക്ക്; ഒരു ജീവിതം


**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



**തി**രുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ 2211-ാമത്തെ മുറി... രണ്ടു വർഷത്തിനുള്ളിൽ നാവിന്റെ മൂന്നാമത്തെ മേജർ സർജറി കഴിഞ്ഞിട്ട് ഏഴ് ദിവസങ്ങൾ പിന്നിട്ടിരിക്കുന്നു. മുറിയിലെ ക്രൂശിതരൂപത്തിലേക്കു നോക്കി നിർനിമേഷയായി അവൾ കിടന്നു. അവളെപ്പറ്റി 'അമ്മ' മാസികയിൽ സിസ്റ്റർ നിമിഷ സി.എസ്.എൻ. എഴുതിയ ലേഖനത്തിന്റെ ഭാഗങ്ങൾ ഓരോന്നും അഭ്രപാളിയിലെന്നവണ്ണം അവളുടെ മനസ്സിലൂടെ മിന്നിമറഞ്ഞു. 2023 ലെ സംസ്ഥാന അധ്യാപക അവാർഡ് ജേതാവ്, മോട്ടിവേഷണൽ സ്പീക്കർ, വചനപ്രഘോഷക അങ്ങനെ ഒത്തിരി നാമവിശേഷണങ്ങൾ...!!! കാഴ്ചയുടെ പരിമിതിയിൽ ശബ്ദംകൊണ്ട് ജീവിതം ആഘോഷിച്ചവൾക്ക് സംസ്ഥാന അവാർഡിന്റെ അനുമോദനങ്ങളുടെ പൊന്നാടകൾ തീരുന്നതിനുമുമ്പ് കൃത്യം ഏഴു മാസമായപ്പോൾ സ്വർഗീയ അവാർഡിന്റെ പൊന്നാട എത്തി. നാവിൽ കാൻസർ! പല്ലുകൊണ്ടുണ്ടായ മുറിവാണ് കാരണം... ആദ്യഘട്ടമാണ്.... സർജറിക്കുശേഷം മുൻകരുതലായി മുപ്പതു റേഡിയേഷനുകൾ... രോഗം തിരിച്ചുവരില്ല എന്ന് അവളും ഡോക്ടർമാരും വിശ്വസിച്ചു.

അതിജീവനത്തിന്റെ കരുത്തുമായി കർമ്മരംഗത്തേക്ക് അവൾ തിരിച്ചുവന്നു. എല്ലാവരുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് ഒരു വർഷം പൂർത്തിയായപ്പോൾ കാൻസർ നാവിൽ വീണ്ടും പിടിമുറുക്കി. ഇപ്രാവശ്യം ഡോക്ടർ നിർദ്ദേശിച്ച പരിഹാരം നാവിന്റെ പകുതി ഭാഗം മുറിച്ചു മാറ്റുക എന്നതായിരുന്നു. സംസാരം ചിലർക്ക് 'near to normal' ലഭിക്കുമെന്ന് കൂട്ടിച്ചേർത്തു. ശസ്ത്രക്രിയയുടെ സങ്കീർണ്ണതയും മറ്റുവിവരങ്ങളും അവൾക്കും അവളുടെ പ്രിയപ്പെട്ടവർക്കും ഉൾക്കൊള്ളാനായില്ല. അതുകൊണ്ട് തിരുവല്ല പുഷ്പഗിരിയിലേക്ക്.... അവിടെ വച്ച് നാവിന്റെ കുറച്ചുഭാഗം മുറിച്ചുമാറ്റി. കാൻസർ മുക്തയായി. പഴയതുപോലെ സംസാരിച്ച്, തീക്ഷ്ണതയോടെ, അതീവസന്തോഷവതിയായി പ്രേഷിതരംഗത്തേക്കു മടങ്ങിച്ചെന്നു. അവളുടെ പ്രിയപ്പെട്ടവരെല്ലാം അവളോടൊപ്പം ആനന്ദിച്ചു!! പക്ഷേ അഞ്ചു മാസം കഴിഞ്ഞപ്പോൾ കാൻസർ നാവിൽ വീണ്ടും വിരുന്നിനെത്തി!!! സർജറിക്കു മുൻപ് ഡോക്ടർ പറഞ്ഞു "no expectations" ഇപ്രാവശ്യം മാനുഷികചിന്ത അവളെ വേട്ടയാടി. ഭൂതകാലത്തേക്കു തിരിഞ്ഞു നോക്കി.... അങ്ങനെയായിരുന്നെങ്കിൽ!! ഇങ്ങനെ ചെയ്തിരുന്നിങ്കിൽ.....? മൂന്ന് സർജറികളിലൂടെ നാവിന്റെ മൂന്നിൽ രണ്ടു ഭാഗവും നീക്കം ചെയ്യപ്പെട്ടു. ഇനി നാവിന്റെ ഒരുഭാഗം മാത്രമേയുള്ളൂ. സംസാരം...? ഭക്ഷണം കഴിക്കൽ...??? എല്ലാം വലിയ ചോദ്യചിഹ്നങ്ങൾ....

അവളുടെ ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് ഡോ. ജെൻസി സുസ്മേരവദനയായി മുറിയിലേക്കു കടന്നുവന്നു. അന്നത്തെ പരിശോധനകൾക്കുശേഷം 'അ' എന്ന അക്ഷരം ഉച്ചരിക്കാൻ ഡോക്ടർ ആവശ്യപ്പെട്ടു. അവൾ ശ്രമിച്ചുനോക്കി കിട്ടിയില്ല. ഡോക്ടർ വീണ്ടും ആവശ്യപ്പെട്ടു, 'ഇ' എന്ന അക്ഷരം ഉച്ചരിക്കാൻ! ആ ശ്രമവും നിഷ്ഫലമായി. വാക്കുകൾകൊണ്ട് അമ്മാനമാടിയവൾക്ക് അക്ഷരങ്ങൾ ഉച്ചരിക്കാനാവുന്നില്ല. തൊട്ടടുത്ത് രാപകൽ ഉറക്കമിളച്ച് അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന സഹോദരിമാർ പറഞ്ഞു, "വിളിക്ക് ഈശോ", "പറഞ്ഞേ ഈശോ". സർവ്വശക്തിയുമെടുത്ത് അവൾ വിളിച്ചു "ഈശോ". 'ഒരുവാക്ക് - ഈശോ'. അവ്യക്തമെങ്കിലും ഉറച്ചതായിരുന്നു ആ ശബ്ദം! പിന്നെ അവിടെ ഒരു കണ്ണുനീർ പ്രവാഹമായിരുന്നു. ഡോക്ടർ പറഞ്ഞു, ആ രംഗം വീഡിയോ എടുക്കേണ്ടതായിരുന്നുവെന്ന്!

ഈ രംഗം ഇത്ര വിവരിച്ച് എഴുതാൻ കാരണം ശ്ലീഹാക്കാല ചിന്തകളാണ്. നാം വായിക്കുന്നു: "ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല" (നടപടി 4,12). അതേ പ്രിയപ്പട്ടവരേ, നമ്മൾ ശ്ലീഹാക്കാലത്തിലേക്ക് പ്രവേശിച്ചിരിക്കുക യാണ്. ഈ ഭൂമിയിലെ ഒരൊറ്റ ജീവിതത്തിലൂടെ അവർ പ്രഘോഷിച്ച ഒറ്റ വാക്ക് "ഈശോ" എന്നതായിരുന്നു. ഈശോയുടെ ജീവിതം അനുഭവിച്ചവർ, ഈശോയുടെ കുരിശുമരണോത്ഥാനങ്ങളിൽ പങ്കുപറ്റിയവർ, ജീവിച്ചതും മരിച്ചതും ഈശോയ്ക്കുവേണ്ടിയായിരുന്നു. ഈശോയോടുള്ള സ്നേഹമായിരുന്നു രക്തസാക്ഷിത്വം വരിക്കാൻ അവരെ പ്രേരിപ്പിച്ചത്. ഈശോയുടെ നാമത്തിലാണ് ശ്ലീഹന്മാർ അത്ഭുതങ്ങൾ പ്രവർത്തിച്ചത്. പത്രോസ് മുടന്തനോടു പറഞ്ഞു: "വെള്ളിയോ സ്വർണ്ണമോ എന്റെ പക്കലില്ല. എനിക്കുള്ളത് നിനക്ക് ഞാൻ തരുന്നു. ഈശോമിശിഹായുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക" (നടപടി 3,6). എത്രമാത്രം അത്ഭുതങ്ങളാണ് ഈശോയുടെ നാമത്തിൽ അന്നും ഇന്നും നടക്കുന്നത്. സഹനങ്ങളുടെ നടുവിൽ ശിഷ്യന്മാർ അടിപതറാതെ നിന്നത് ഈശോയിലുള്ള അടിയുറച്ച വിശ്വാസത്താലായിരുന്നു. അതുകൊണ്ടല്ലേ പൗലോസ് ശ്ലീഹാ പറഞ്ഞത്, മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ, പീഡനമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ വാളോ? (റോമാ 8,35-39).

ചങ്ങാതീ, എനിക്കും നിനക്കും ഇങ്ങനെ പറയാൻ പറ്റുമോ? പലപ്പോഴും സാധിക്കുന്നില്ല അല്ലേ? മനസ്സിലാക്കാൻ പറ്റാത്ത ദുരിതങ്ങൾ ഒന്നിനുപിന്നാലെ ഒന്നൊന്നായി വരുമ്പോൾ, മാരകരോഗങ്ങളുടെ നടുവിൽ, ഉത്തരം കിട്ടാത്ത ജീവിതപ്രശ്നങ്ങളുടെ നടുവിൽ, സഹനങ്ങളുടെ നടുക്കടലിൽ മുങ്ങിത്താഴുമ്പോൾ, രക്ഷയ്ക്കായി നാം ആരിലാണ് അഭയം തേടുന്നത്? ഞാനും നീയും ചോദിക്കാറില്ലേ, എവിടെ എന്റെ ദൈവം? എനിക്കുമാത്രം എന്താ ഇങ്ങനെ? ആരിലാണ് ആശ്രയം? നമ്മുടെ ചോദ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ഉത്തരം വചനത്തിൽ തന്നെയുണ്ട്: "ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിലാണ് നമ്മുടെ ആശ്രയം" (സങ്കീ 124,8). പ്രിയ ചങ്ങാതീ, ഞാനും നീയുമൊക്കെ കടന്നുപോകുന്ന സഹനങ്ങളിൽ, ജോബിനെപ്പോലെ പരീക്ഷിക്കപ്പെടുന്ന, ചുട്ടുപൊള്ളുന്ന ജീവിതാനുഭവങ്ങളിൽ നമുക്ക് ഉരുവിടാവുന്ന സൗഖ്യദായകമായ ഒരേയൊരു നാമം ഈശോനാമമാണ്. ഇരുൾ മൂടുന്ന പ്രശ്നകലുഷിതമായ ജീവിതാനുഭവത്തിൽ, വിശ്വാസം നഷ്ടപ്പെട്ടുപോകുന്ന അവസരത്തിൽ, മിഴിപൂട്ടി നമുക്ക് ആവർത്തിക്കാം: "ഈശോയേ ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു, ഈശോയേ ഞാൻ അങ്ങയിൽ ശരണപ്പെടുന്നു, ഈശോയേ ഞാൻ അങ്ങയിൽ ആശ്രയിക്കുന്നു". ഈശോനാമത്തിന്റെ ശക്തി അനുഭവിച്ച് നമുക്കു സമാധാനം കണ്ടെത്താം. കാരണം ഈ നാമം ദൈവംതന്നെ നിശ്ചയിച്ച് മാലാഖാവഴി മറിയത്തെ അറിയിച്ചതാണല്ലോ: "ദൈവദൂതൻ മറിയത്തോടു പറഞ്ഞു നീ അവന് ഈശോ എന്നു പേരിടണം" (ലൂക്കാ 1,31). ഈശോ എന്ന പേരിന്റെ അർത്ഥം 'രക്ഷകൻ' എന്നാണ്. "എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കും" (മത്താ 1,31). ആകയാൽ പ്രിയപ്പെട്ടവരേ, ശ്ലീഹാക്കാലത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, രക്ഷകന്റെ നാമം ആവർത്തിച്ച് ഉരുവിട്ടുകൊണ്ട്, രക്ഷാകരസ്നേഹം നമുക്ക് അനുഭവിക്കാം; രക്ഷകനിൽ ആശ്രയിക്കാം. ദൈവദാസൻ വില്യം ജക്വീന്താ പറയുന്നതുപോലെ "ഈശോയാൽ നിറഞ്ഞ് ഈശോയെ മറ്റുള്ളവർക്കു കൊടുക്കാം".



# ഡബ്ബിംഗ്

സാബി കോഴിക്കോട്

സിനിമകളിലും നാടകങ്ങളിലും ടെലിഫിലിമുകളിലുമൊക്കെ അഭിനേതാക്കൾക്ക് ശബ്ദം കൊടുക്കുന്നവരെ നാം കണ്ടിട്ടുണ്ട്. എത്ര തന്മയത്വത്തോടുകൂടിയാണ് അവരതു ചെയ്യുക. ഒറ്റ നോട്ടത്തിൽ അത് വളരെ എളുപ്പമായി തോന്നുമെങ്കിലും അതിനു പിന്നിൽ അവർ എടുക്കുന്ന കഠിനാദ്ധ്വാനം വളരെ വലുതാണ്. അതിനു ദീർഘനാളത്തെ പരിശീലനം ആവശ്യമാണ്.

താൻ ശബ്ദം കൊടുക്കാൻ പോകുന്ന കഥാപാത്രത്തിന്റെ വികാരങ്ങളും വിചാരങ്ങളും സ്വഭാവസവിശേഷതകളും, അഭിനേതാവ് ഓരോ സാഹചര്യത്തോടും പുലർത്തുന്ന നിലപാടുകളും ശൈലികളുമൊക്കെ അല്പ സമയത്തേക്കെങ്കിലും ഡബ്ബിംഗ് ആർട്ടിസ്റ്റ് സ്വായത്തമാക്കുക ആവശ്യമാണ്. കഥാപാത്രത്തോടൊത്ത് സഞ്ചരിക്കുക, കഥാപാത്രമായി മാറുക എന്നതു മാത്രമാണ് രംഗത്തെ സജീവമാക്കാനുള്ള ഏകമാർഗ്ഗം.

വി. ഗ്രന്ഥത്തിൽ ഇപ്രകാരമൊരു അവതാരം നാം കാണുന്നുണ്ട്. മനുഷ്യാവതാരം. കാലം ദൈവത്തിന്റെ കോലങ്ങൾ കെട്ടിയാടുമ്പോൾ, തന്റെ സമാനതയും മഹത്ത്വവും പ്രൗഢിയുമൊക്കെ മാറ്റിവച്ച് മനുഷ്യനോടുള്ള സ്നേഹത്തെപ്രതി സ്വയം ശൂന്യനായി, ശൂന്യത മാത്രമുള്ള ലോകത്തിലേക്ക് സ്നേഹത്തിന്റെ നിറവ് നല്കിക്കൊണ്ട് കടന്നു വന്നൊരു ദൈവം.... അവൻ ഏറ്റെടുത്തത് മനുഷ്യന്റെ പ്രച്ഛന്നവേഷമല്ല, പിന്നെയോ യഥാർത്ഥ മനുഷ്യത്വം. പാപമൊഴികെ മറ്റെല്ലാ കാര്യത്തിലും പച്ച മനുഷ്യനായിത്തീർന്നവൻ മനുഷ്യന്റെ നൊമ്പരങ്ങളും ആകുലതകളും അലച്ചിലുകളും പട്ടിണിയും കണ്ണുനീരും ബലഹീനതകളും മരണവും വീഴ്ചകളുമെല്ലാമെല്ലാം സ്വന്തം ജീവിതത്തിൽ വഹിച്ചു. എന്തായിരുന്നു അതിനായി അവനെ പ്രേരിപ്പിച്ചത്? സ്നേഹം.... തന്റെ പിതാവിനോടുള്ള കറതീർന്ന സ്നേഹവും വിശ്വസ്തതയും രക്ഷ കൊതിക്കുന്ന മനുഷ്യരോടുള്ള പ്രണയവും. അതുകൊണ്ടുതന്നെയാവണം പരസ്യജീവിതത്തിലുടനീളം അവന്റെ കണ്ണുകൾ പരതിയതത്രയും നഷ്ടപ്പെടലുകളുടെ ബാക്കിപത്രമാകാൻ വിധിക്കപ്പെട്ടവരിലേക്കായിരുന്നത്!

കഴിഞ്ഞമാസം കുട്ടികളുടെ ധ്യാനാവസരത്തിൽ ഒരു ആൺകുട്ടിയുമായി സംസാരിക്കവേ അവന്റെ ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള ദൈവാനുഭവം തന്റെ ടീച്ചറിലൂടെ കടന്നുവന്നതാണെന്ന് പറഞ്ഞപ്പോൾ അതു കേൾക്കാൻ എനിക്കും കൗതുകം തോന്നി. സാധാരണ കുടുംബ



ത്തിൽ വളർന്ന അവന് എല്ലാം അമ്മയായിരുന്നു. വെറും ആറു മാസത്തിനിടയിൽ കാൻസർരോഗം അമ്മയെയുംകൊണ്ട് കടന്നുപോയപ്പോൾ തന്റെ ജീവിതം കടപുഴകിയതുപോലെ അവനു തോന്നി. മൃതസംസ്കാരകർമത്തിൽ സുബോധം നഷ്ടപ്പെട്ടവനെപ്പോലെ നില്ക്കുമ്പോൾ, പലരും സാരമില്ലെന്നും, ദൈവം കാത്തുകൊള്ളും എന്നും, വേദനിച്ചു കിടക്കുന്നതിലും ഭേദം പോകുന്നതാണെന്നുമുള്ള പല അഭിപ്രായങ്ങളും നിരത്തി. ആശ്വാസവാക്കുകൾ പറഞ്ഞുവെന്നു ആശ്വസിച്ച് അവർ കടന്നു പോകുമ്പോഴും ആ വാക്കുകളൊക്കെയും അവനെ ഏറെ കുത്തി മുറിവേല്പിക്കുകയായിരുന്നുവെന്ന് അവർ അറിഞ്ഞില്ല. അവൻ തുടർന്നു: "പലരും പലതും പറഞ്ഞ് കടന്നുപോയപ്പോൾ, ടീച്ചറമ്മ വന്ന് എന്നെ ചേർത്തുനിർത്തി. നിറുകയിൽ ഉമ്മവച്ച് മോനേ എന്നു മാത്രമേ വിളിച്ചുള്ളൂ. പിന്നീട് ഞങ്ങളുടെ രണ്ടുപേരുടെയും കണ്ണുനീർ ഒരുമിച്ചൊഴുകി... ഒരു പുഴപോലെ.... കെട്ടിക്കിടന്ന എന്റെ ദുഃഖം അണപൊട്ടിയതുപോലെ. സംസ്കാര ചടങ്ങിനുശേഷം പിന്നീടുള്ള ദിനങ്ങളിലും ടീച്ചർ വന്നു, സ്കൂളിലേക്കു തിരികെ കൊണ്ടുപോകാൻ".... ചില മനുഷ്യരങ്ങനെയാണ്. മണ്ണൊലിപ്പു തടയാനുള്ള വടവൃക്ഷമെന്നപോലെ അവർ നമ്മോടൊപ്പം നില്ക്കും.

ഓരോ ശിഷ്യനോടും മിശിഹായ്ക്ക് ഒന്നേ പറയാനുള്ളൂ, 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോഹ 13,34).

ദൈവമായി അവതരിക്കണമെങ്കിൽ സ്നേഹത്തിന്റെ ഫ്രെയിം നാം സ്വീകരിച്ചേ മതിയാവൂ. അവിടെ നമ്മുടെ അഹത്തിന്റെ ഫ്രെയിമുകൾ തകർക്കപ്പെടണമെന്നു പറയേണ്ടതില്ലല്ലോ. പുതിയതു ധരിക്കണമെങ്കിൽ പഴയതു നാം ഊരിയേ മതിയാവൂ. എന്റെ ചെറുപ്പത്തിൽ അപ്പന്റെ പെങ്ങളുടെ കല്യാണദിവസം അമ്മ എന്നെ മുറ്റത്തിനുചുറ്റും ഓടിച്ചതു ഞാൻ ഓർക്കുന്നു, പഴയ കുപ്പായമൂരി പുതിയതൊന്ന് ഇടീക്കാൻ.... ഇത്രയും നാൾ അലക്കിയും ഉണങ്ങിയും അതുതന്നെ ഇട്ടു ശീലിച്ച ഞാൻ ആ പഴയ ഷർട്ട് എന്റെ അസ്തിത്വം തന്നെയെന്നു തെറ്റിദ്ധരിച്ചതുകൊണ്ടാവാം പുതിയതു വേണ്ടെന്നു ശഠിച്ചത്! അവസാനം പഴയതിനു മുകളിൽ പുതിയ ഷർട്ടിട്ട് അമ്മ പ്രശ്നം പരിഹരിച്ചു. പഴയത് ഊരാതെ ഞാനും ഹാപ്പി!

നമ്മിൽ ദൈവം അവതരിക്കാൻ ആഗ്രഹിക്കുമ്പോൾ നാമിപ്പോഴും ഓട്ടമാണ്, ആ പഴയതിനെ വിട്ടുകളയാതിരിക്കുവാൻ. വി. പൗലോസ്ശ്ലീഹാ പറയുന്നു: "മിശിഹാ നിങ്ങളിൽ ഉരുവാകുവോളം ഞാൻ പ്രസവവേദന അനുഭവിക്കുന്നു". അവതാരം വേദനാജനകമാണ്. അത് ഏറ്റെടുത്തെങ്കിലേ മിശിഹായുടെ അവതാരമായി ഞാനും മാറൂ. അങ്ങനെയാകുമ്പോൾ പൗലോസ്ശ്ലീഹായെപ്പോലെ ചങ്കൂറ്റത്തോടെ എനിക്കും ഇപ്രകാരം പറയാനാകും: "ഞാനല്ല, മിശിഹാ എന്നിൽ ജീവിക്കുന്നു".

ഓരോ അജഗണവും ആവർത്തിക്കേണ്ട ശൈലിയും രൂപഭാവവുമാണ് സ്നേഹമെന്നത്. അവതരിക്കണമെങ്കിൽ നമുക്കു രണ്ടു കരങ്ങൾ കൂടിയേ തീരൂ, ദൈവത്തിലേക്ക് ഉയരുന്ന കരവും സഹോദരനെ ആശ്ലേഷിക്കാൻ നീളുന്ന കരവും. ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ അതു നമ്മെ സദാ സ്നേഹത്തിലേക്കു വലിച്ചിഴച്ചുകൊണ്ടിരിക്കും.

അതായത്, ശ്രദ്ധയുള്ള, ഏകാഗ്രതയുള്ള കണ്ണും കാതും ഹൃദയവും വേണം. കേട്ടറിഞ്ഞും കണ്ടറിഞ്ഞും അനുഭവിച്ചറിഞ്ഞതുമാണ് ചലനമായി, പ്രവർത്തനമായി മാറേണ്ടത്. നമ്മുടെയൊക്കെ സാധാരണക്കാരായ അമ്മമാരെ കണ്ടിട്ടില്ലേ? ജീവിതമാകുന്ന നടുത്തളത്തിൽ അവർ എത്ര വ്യക്തതയോടും കൃത്യതയോടുമാണ് തന്റെ സ്നേഹനൃത്തം ആടിത്തീർക്കുന്നത്? കോഴി കൂകും മുമ്പേ എണീറ്റ് സർവ്വവും തമ്പുരാനെ ഭരമേല്പിച്ച് എത്ര ചടുലതയോടെയാണ് വീടു മുഴുവൻ അവളുടെ കണ്ണും കരങ്ങളും ഹൃദയവും എത്തിക്കുന്നത്! അതിനവളെ പ്രാപ്തയാക്കുക തന്നെ ഒറ്റയ്ക്കു വിട്ടുപോകാത്ത ഒരു ദൈവം കൂടെയുണ്ടെന്നതും താൻ ഒരിക്കലും വിട്ടുകളയരുതാത്ത തന്റെ പ്രിയപ്പെട്ടവർ തന്റെ കൂടെയുണ്ടെന്നതുമായ ചിന്തയാണ്.

അവതാരകന് താൻ അവതരിപ്പിക്കാൻ പോകുന്ന കഥാപാത്രത്തോട് നിരന്തരം ഒരു ബന്ധമുണ്ടാവണം. ക്രിസ്തുശിഷ്യാ, ഞാനും നീയും വിളിക്കപ്പെട്ടിരിക്കുക കുടുംബത്തിലും ഇടവകയിലും സമൂഹത്തിലുമൊക്കെ മിശിഹായെ അവതരിപ്പിക്കുവാനാണ്. വാക്കുകൾ കൊണ്ടല്ല, പിന്നെയോ ജീവിതം കൊണ്ട്. പൊള്ളയായ വാക്കുകൾ ഇന്നാർക്കു വേണം? അങ്ങനെയെങ്കിൽ നമുക്കു സ്നേഹിച്ചു തുടങ്ങാം അല്ലേ? ദൈവദാസൻ വില്യം ജക്വീന്താ ഇപ്രകാരം പറഞ്ഞു: "ദൈവം ഇനി എത്ര വർഷംകൂടി എനിക്ക് ആയുസ്സ് തരുമെന്ന് അറിഞ്ഞുകൂടാ. ദൈവം എന്നെ നിത്യതയിലേക്കു വിളിക്കുന്ന ദിവസമോ മണിക്കൂറോ എനിക്കറിയാമെങ്കിൽ, നിങ്ങൾക്ക് ഒരു ഉപദേശം തരണമെങ്കിൽ അത് ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചോ വിശുദ്ധിയെക്കുറിച്ചോ ആയിരിക്കുകയില്ല. മറിച്ച് നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്നു മാത്രമായിരിക്കും". ശിഷ്യത്വം  അടങ്ങിയിരിക്കുക പരസ്നേഹത്തിലാണെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ.

എ.ഡി. 372 ൽ ദിവംഗതനായ വെറോനായിലെ ബിഷപ്പ് സെനോ ഇപ്രകാരം പറഞ്ഞുവച്ചു: "ഓ സ്നേഹമേ, നീ എത്രമാത്രം നന്മനിറഞ്ഞവളും ധന്യയും ശക്തയുമാണ്. നിനക്ക് ഒരു ദൈവത്തെ മനുഷ്യനാക്കി തീർക്കുവാൻ സാധിച്ചു".

നമുക്ക് ഒരുപക്ഷേ സ്നേഹമായി മാറാൻ കഴിവില്ലായിരിക്കും. എങ്കിലും സ്നേഹത്തിന്റെ ശബ്ദമായി മാറാൻ നമുക്കാവില്ലേ? അതിനായി സ്നേഹമായ ഈശോയുടെ കൂട്ടുപിടിച്ചാൽ മതി. അവനിലേക്കു ചാഞ്ഞവരെല്ലാം സ്നേഹത്തിന്റെ സുവിശേഷമായി മാറിയവരാണല്ലോ. അവനെ ചാരാൻ നീ തയ്യാറാണോ? എങ്കിൽ തീർചയായും നീ സ്നേഹസംഗീതമാവുകതന്നെ ചെയ്യും.

# സെനക്കിൾ തരംഗം

**സന്ദേശം**

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഉയിർപ്പിനുശേഷം അമ്പതാം ദിവസംവരുന്ന പന്തക്കുസ്താതിരുനാൾ മുതലുള്ള ഏഴ് ആഴ്ചകളാണല്ലോ ശ്ലീഹാക്കാലം എന്നറിയപ്പെടുന്നത്. പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളി വന്നതിനെത്തുടർന്ന് ദൈവാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ തങ്ങൾക്കു ലഭിച്ച മിശിഹാനുഭവവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പുറപ്പെടുകയും സുവിശേഷം പ്രസംഗിക്കുകയും ക്രൈസ്തവസഭാസമൂഹങ്ങൾക്ക് രൂപംകൊടുക്കുകയും ചെയ്തു. 'ശ്ലീഹാ' എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണല്ലോ. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ശ്ലീഹന്മാർ സുവിശേഷവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയയ്ക്കപ്പെട്ടതുപോലെ, മാമോദീസാ, തൈലാഭിഷേകം, പരിശുദ്ധ കുർബാന എന്നീ കൂദാശകളിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ക്രൈസ്തവരെല്ലാവരും സുവിശേഷവാഹകരും സുവിശേഷപ്രഘോഷകരുമാണെന്ന യാഥാർത്ഥ്യം ദൈവജനത്തെ നമുക്ക് ഓർമ്മിപ്പിക്കാം. പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ ക്രൈസ്തവർ സുവിശേഷപ്രഘോഷകരും സാക്ഷികളുമാകേണ്ടത് പ്രധാനമായും അവരുടെ പ്രവർത്തനവേദികളായ കുടുംബം, ജോലിസ്ഥലം, വിദ്യാലയം എന്നിവിടങ്ങളിലാണ്. ഇക്കാര്യം അജഗണങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട് അജപാലന ശുശ്രൂഷ നിർവഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ<br>
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2026 ഏപ്രിൽ 14-15 തീയതികളിലും മെയ് 11-12 തീയതികളിലും ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലുള്ള അപ്പസ്തോലിക് സൊഡാലസ് വൈദികരുടെ പ്രതിമാസ സമ്മേളനം കോട്ടയം മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടക്കുകയുണ്ടായി. ഇടവക വൈദികരുടെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും 'പാസ്തോരെസ് ദാബോവോബിസ്' എന്ന ശ്ലൈഹികലേഖനത്തിന്റെയും അടിസ്ഥാനത്തിലുള്ള പ്രബോധനങ്ങളായിരുന്നു ഈ സമ്മേളനങ്ങളിലെ ധ്യാനവിഷയം. ഏപ്രിൽ 22-ാം തീയതി വൈകുന്നേരം 7 മുതൽ 8 വരെ ഇറ്റലിയിലും ഇംഗ്ലണ്ടിലുമുള്ള സൊഡാലെസ് വൈദികർക്കും സെനക്കിൾ ആസ്പിരന്റ്സ് വൈദികർക്കുംവേണ്ടി ബഹു. മല്പാനച്ചൻ ഓൺലൈൻ ക്ലാസെടുത്തു. ക്ലാസുകളിൽ പങ്കെടുത്തവരെല്ലാം ധ്യാനത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും സജീവമായി പങ്കുചേർന്നു.



# വെളിച്ചമുള്ളവർ

**മെർലിറ്റ് അഞ്ചാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"**ജീ**വിതം എനിക്ക് ഒരു തുണ്ട് മെഴുകുതിരി അല്ല, ഈ നിമിഷം ഞാൻ കയ്യിലേന്തിയിരിക്കുന്ന ദീപശിഖയാണ്. വരും തലമുറകളിലേയ്ക്ക് കൈമാറും മുമ്പ് എനിക്കത് ആവോളം തേജസിൽ ജ്വലിപ്പിക്കണം". അളവില്ലാത്ത ഇച്ഛാശക്തിയോടെ തന്റെ ജീവിതദൗത്യം എന്തെന്ന് നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയുടെ ശബ്ദമാണ് ജോർജ് ബർണാർഡ് ഷായുടെ ഈ വാക്കുകളിൽ നമുക്ക് കേൾക്കാനാകുന്നത്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ഉത്ഥാനത്തിനുശേഷം ഭയചകിതരായി മുറികൾ അടച്ചിരുന്ന ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ ഇറങ്ങിവന്ന് അവരെ ശക്തിപ്പെടുത്തിയ പന്തക്കുസ്താദിനം മുതൽ ലോകത്തിൽ അങ്ങോളമിങ്ങോളം ഈശോയുടെ സുവിശേഷത്തിന് അവർ സാക്ഷികളായി. ബാബേൽഗോപുര നിർമ്മിതി ഘട്ടത്തിൽ ദൈവം ചിതറിച്ചു കളഞ്ഞ ഭാഷയെ പന്തക്കുസ്തായിൽ വീണ്ടും ഒന്നിപ്പിക്കുന്നു. എല്ലാ ഭാഷകൾക്കും അതീതമായ ദൈവസ്നേഹം സജീവമാക്കപ്പെടുന്ന ഒരനുഭവമായി പന്തക്കുസ്താ മാറുകയാണ്. ഈശോ സ്വർഗ്ഗത്തിലേക്ക് കരേറുന്നതിനുമുമ്പ് തന്റെ ശിഷ്യന്മാർക്ക് നൽകിയ വാഗ്ദാനമായ ദൈവാരൂപി അവരുടെമേൽ ഇറങ്ങിവന്നു. അവർ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുമ്പോൾ അഗ്നിനാളമായി അവരുടെമേൽ ആവസിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ജ്വലിക്കുന്നവരായി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും അവർ പോയി ഈശോയുടെ സുവിശേഷം അറിയിച്ചു. നമ്മെ സംബന്ധിച്ച് പന്തക്കുസ്താദിനം വെറും ഒരു ഓർമ്മ പുതുക്കൽ അല്ല, പരിശുദ്ധ മാമോദീസായിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന ദൈവത്തിന്റെ ആത്മാവിനെ, നമ്മിൽ കുടികൊള്ളുന്ന ദൈവത്തിന്റെ ആത്മാവിനെ പ്രോജ്വലിപ്പിക്കാനും പ്രകാശിപ്പിക്കാനുമുള്ള നമ്മുടെ നിയോഗത്തെയാണ് നാം തിരിച്ചറിയേണ്ടത്.

പ്രഭാതമാകും മുമ്പേതന്നെ കുയിൽ മധുരമായി പാടി തുടങ്ങി. പാട്ടുകേട്ട് മറ്റു കിളികളെല്ലാം ഉണർന്നു. മരപ്പൊത്തിൽ ഇരുന്നു സുഖമായി ഉറങ്ങിയിരിക്കുന്ന മൂങ്ങ വിളിച്ചുപറഞ്ഞു: "നിനക്കൊന്നു മിണ്ടാതിരുന്നു കൂടേ? സുഖമായി ഉറങ്ങിയിരുന്ന എല്ലാവരെയും നീ ഉണർത്തി". കുയിൽ പറഞ്ഞു: "എനിക്ക് പാടാതിരിക്കാൻ കഴിയില്ല, അതാണ് എന്റെ ദൗത്യം".

ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് നമ്മുടെ വിളിയും ദൗത്യവും ഈ ലോകമെങ്ങും നമ്മുടെ ചുറ്റുപാടുകളിലും ഈശോയെ പ്രഘോഷിക്കുക എന്നതാണെന്ന് നാം മനസ്സിലാക്കണം. നാം ജീവിക്കുന്ന ഈ ലോകത്തിന് പ്രത്യാശയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ജീവിക്കുന്ന അടയാളങ്ങളായി മാറാൻ നമുക്കു സാധിക്കണം. അസംതൃപ്തിയുടെയും അരാജകത്വത്തിന്റെയും അസമത്വങ്ങളുടെയും മേലാളന്മാർ നമ്മുടെ മനസ്സുകളെ ഭരിക്കുമ്പോൾ മനുഷ്യഹൃദയങ്ങളുടെ ആശ്വാസത്തിനും ലോകത്തിന്റെ സമാധാനത്തിനും മാനവരാശിക്ക് ലഭിക്കേണ്ട ആത്യന്തികമായ സ്വാതന്ത്ര്യത്തിനുംവേണ്ടിയും മിശിഹാസന്ദേശം ഈ ലോകമെങ്ങും എത്തിയേ മതിയാവൂ. സകല പ്രതിസന്ധികളുടെയും ശാശ്വതമായ പരിഹാരം മനുഷ്യ വംശത്തിന്റെ ഏകപ്രത്യാശയായ ഈശോമിശിഹാ മാത്രമാണെന്ന സത്യം മനുഷ്യഹൃദയ ങ്ങളിലേക്ക് കൈമാറ്റം ചെയ്യാൻ നമുക്കു സാധിക്കുന്നില്ലെങ്കിൽ നാം വെറും ക്രൈസ്തവ നാമധാരികൾ മാത്രമായി മാറും എന്നതിൽ സംശയം വേണ്ട.

അതുകൊണ്ട് നമുക്ക് നമ്മുടെ ഭവനങ്ങളിൽത്തന്നെ ഈ സുവിശേഷപ്രഘോഷണം ആരംഭിക്കാം. ദൈവാനുഭവത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും എത്രയെത്ര സംഭവങ്ങൾ നമുക്ക് ജീവിതത്തിൽ പങ്കുവയ്ക്കാനുണ്ട്? ഇന്നുവരെ ദൈവം നമ്മെ നടത്തിയ വഴികൾ, വിഷമ സന്ധികളിൽ കൂടെ നടന്ന ദൈവത്തിന്റെ കാലടികൾ, സങ്കടങ്ങളിൽ ആശ്വാസമായി, സാന്ത്വനമായി അരികിലിരുന്ന അവിടുത്തെ സ്നേഹം, സംശയങ്ങളിൽ ഉത്തരമായി വന്ന അവിടുത്തെ വചനങ്ങൾ.... ഇവയൊക്കെയും നമ്മുടെ മക്കളോടും പങ്കാളികളോടും സുഹൃത്തുക്കളോടും സഹപ്രവർത്തകരോടുമൊക്കെ പങ്കുവയ്ക്കുമ്പോൾ നാം അറിയാതെ തന്നെ അവരുടെ ഹൃദയക്കോണുകളിൽ ഈശോയുടെ രക്ഷാകരസ്നേഹത്തിന്റെ അനുഭവം ആലേഖനം ചെയ്യപ്പെടുകയാണെന്നത് നമുക്ക് ഓർക്കാം.

ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന ആലയങ്ങളായി, പരിശുദ്ധ റൂഹായുടെ ശക്തി നിറഞ്ഞവരായി ലോകത്തിന്റെ മധ്യേ പുളിമാവുപോലെ വർത്തിക്കാൻ നമുക്കു സാധിക്കണം. പരിശുദ്ധ മാമോദീസയിലൂടെയും മറ്റു കൂദാശകളിലൂടെയും നമ്മിലേക്ക് ചൊരിയപ്പെട്ടിരിക്കുന്ന ദൈവകൃപയെ - ദൈവത്തിന്റെ ആത്മാവിനെ ഊതി കത്തിക്കാൻ, സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അഗ്നിസ്ഫുലിംഗങ്ങളായി ഈ ലോകമെങ്ങും പോകാൻ, ഈ പന്തക്കുസ്താ നമ്മെ ശക്തരാക്കട്ടെ.





**സൈബി തയ്യിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ദൈ**വത്തെയും ധാർമികമൂല്യങ്ങളെയും പുച്ഛിച്ചുതള്ളുന്ന ഇന്നത്തെ ലോകത്തിലാണ് വിശ്വാസത്തെയും സുവിശേഷദർശനങ്ങളെയും മുറുകെപ്പിടിച്ചുകൊണ്ട് എന്നും എവിടെയും വ്യക്തിപരമായും ഒരു സമൂഹമെന്ന നിലയിലും മിശിഹായ്ക്കു സാക്ഷ്യംവഹിക്കുക എന്ന ദൗത്യം ക്രൈസ്തവർ നിറവേറ്റേണ്ടിയിരിക്കുന്നത്. ചുറ്റുമുള്ള അനിശ്ചിതത്വത്തിന്റെയും വിശ്വാസരാഹിത്യത്തിന്റെയും അന്തരീക്ഷം ഈ ദൗത്യനിർവ്വഹണത്തിനു പലപ്പോഴും ശക്തമായ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ജീവിതത്തിന്റെ നൂറായിരം വ്യഗ്രതകൾക്കിടയിൽ ദൈവദത്തമായ ഈ ദൗത്യം വിസ്മരിച്ചു പോകുന്നവരുമുണ്ട്. ഇവിടെയാണ് രക്ഷാകര പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെ വീണ്ടും വീണ്ടും കടന്നുപോകുന്നതിനും രക്ഷയുടെ അനുഭവത്തിൽ പങ്കുചേരുന്നതിനും നമ്മെ പ്രാപ്തരാക്കുന്ന സഭയുടെ തിരുനാളുകളും ആരാധനാവത്സരവും നമ്മുടെ സഹായത്തിനെത്തുന്നത്. ഇടയ്ക്കിടെ വരുന്ന തിരുനാളുകളും ആരാധനാവത്സരത്തിലെ മാറിമാറി വരുന്ന കാലഘട്ടങ്ങളും നമ്മുടെ ക്രൈസ്തവ ദൗത്യത്തെപ്പറ്റി ഓർമിപ്പിക്കുകയും മിശിഹായുടെ രക്ഷാകരകർമത്തിന്റെ പുനരാവിഷ്കരണവും അതിലുള്ള പങ്കുചേരലുംവഴി ഈ ദൗത്യനിർവ്വഹണത്തിനു നമ്മെ ശക്തരാക്കുകയും ചെയ്യുന്നു.

മിശിഹായിൽ പൂർത്തിയാക്കിയ രക്ഷാകർമ്മം അതിന്റെ പൂർണ്ണതയിൽ അനുസ്മരിക്കുന്നതിനും അനുഭവിക്കുന്നതിനും നമുക്ക് ആരാധനാവത്സരത്തിലെ പ്രധാന തിരുനാളുകളിലൊന്നായ പന്തക്കുസ്തായിലൂടെയും അതേത്തുടർന്നു വരുന്ന ശ്ലീഹാക്കാലത്തിന്റെ ചൈതന്യത്തിലൂടെയും കടന്നു പോകാം.

**പന്തക്കുസ്താ തിരുനാൾ**

പന്തക്കുസ്താ എന്ന വാക്ക് അമ്പതാമത്തെ ദിവസം എന്നർത്ഥം വരുന്ന 'പെന്തക്കോസ്റ്റേ' എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണ് ഉത്ഭവിച്ചത്. പന്തക്കുസ്താ തിരുനാളിൽ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ ആഗതനാവുകയും അരൂപിയാൽ നിറയപ്പെട്ട ശ്ലീഹന്മാരുടെ സാക്ഷ്യം സ്വീകരിച്ചുകൊണ്ട്

മൂവായിരത്തോളം ആളുകൾ വിശ്വാസികളായിത്തീരുകയും ചെയ്തതോടെയാണ് സഭ പരസ്യമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്.

ദൈവത്തിന്റെ സ്വന്തം ജനമായി ഉയർത്തപ്പെട്ടതിന്റെ ഓർമ്മയ്ക്കായി പഴയനിയമജനം ആചരിച്ചിരുന്ന തിരുനാളായ പന്തക്കുസ്തായ്ക്ക് നൂതനമായ ഒരു അർത്ഥവും മാനവും ലഭിച്ചത് ശ്ലീഹന്മാരുടെ നടപടി രണ്ടാമദ്ധ്യായത്തിൽ വിവരിക്കുന്ന സംഭവത്തോടെയാണ്. പന്തക്കുസ്താ ദിവസം പ്രാർത്ഥനാനിരതരായി ഒരുമിച്ചു കൂടിയിരുന്ന ശ്ലീഹന്മാരുടെ മേലുണ്ടായ റൂഹാദ്ക്കുദ്ശായുടെ ആവാസം ക്രിസ്തീയചരിത്രത്തിന് സമാരംഭം കുറിച്ചു. വി. ലൂക്കാ വിവരിക്കുന്നതുപോലെ ചരിത്രത്തിൽ രൂപം കൊണ്ട സഭയുടെ ജന്മദിനമാണത്. മിശിഹാ വാഗ്ദാനം ചെയ്തിരുന്നതും ശ്ലീഹന്മാർ പ്രതീക്ഷിച്ചിരുന്നതുമായ പരിശുദ്ധ റൂഹായുടെ ആഗമനത്തോടെ സഭ ജന്മമെടുത്തു. പന്തക്കുസ്താദിവസം പ്രത്യക്ഷപ്പെട്ട 'തീനാവുകൾ' റൂഹാദ്ക്കുദ്ശായുടെ ദാനങ്ങളും ഫലങ്ങളും ശ്ലീഹന്മാർക്ക് നല്കി.

സഭയുടെ പിറന്നാളായ പന്തക്കുസ്താ സഭാംഗങ്ങൾക്കെല്ലാം ഒരു ഉത്സവദിനമാകേണ്ടതാണ്. ദൈവത്തിന്റെ സ്വന്തം ജനപദമായ സഭയിലേക്ക് നമ്മെ വിളിച്ചതിന് നന്ദി പറയുകയും സഭാംഗങ്ങളെന്ന നിലയിൽ നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യേണ്ട ദിവസം. "പരിശുദ്ധാത്മാവ് വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ലോകത്തിന്റെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷ്യം വഹിക്കും" എന്നുള്ള വാഗ്ദാനം ശ്ലീഹന്മാർക്കുവേണ്ടി മാത്രമുള്ളതല്ലെന്ന കാര്യവും പന്തക്കുസ്താ നമ്മെ ഓർമിപ്പിക്കുന്നു. മാമോദീസായും സൈഥര്യലേപനവും വഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ച നാമും ഈ വാഗ്ദാനത്തിനവകാശികളാണ്. സഭാംഗങ്ങളെന്ന നിലയിൽ ഏതു പ്രതികൂല സാഹചര്യങ്ങളിലും മിശിഹായ്ക്കു സാക്ഷ്യംവഹിക്കുവാൻ കടപ്പെട്ടവരായ നമുക്ക് അരൂപിയുടെ ദാനമായ വിശ്വാസത്തിൽ വളർച്ച പ്രാപിക്കുന്നതിലൂടെയേ ഈ ദൗത്യം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ.

**വിചിന്തനവിഷയങ്ങൾ**

ഉയിർപ്പിനുശേഷം അമ്പതാം ദിവസം വരുന്ന പന്തക്കുസ്താ തിരുനാളോടുകൂടിയാണ് ശ്ലീഹാക്കാലം ആരംഭിക്കുന്നത്. റൂഹാദ്ക്കുദ്ശാ ശ്ലീഹന്മാരിലും സഭയിലും പ്രവർത്തിച്ചതിനെയാണ് ഈ കാലഘട്ടത്തിൽ പ്രധാനമായും നാം ചിന്തയ്ക്കു വിഷയമാക്കുന്നത്. പന്തക്കുസ്താ ദിനത്തിൽ ശ്ലീഹന്മാരുടെമേൽ റൂഹാദ്ക്കുദ്ശാ എഴുന്നള്ളി വന്നതും തുടർന്ന് ആത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ തങ്ങളുടെ മിശിഹാനുഭവവുമായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പുറപ്പെട്ട് സുവിശേഷം പ്രസംഗിച്ച് സഭാസമൂഹങ്ങൾക്കു രൂപം കൊടുക്കുന്നതും ഈ കാലഘട്ടത്തിൽ പ്രത്യേകമായി അനുസ്മരിക്കുന്നു. പുതിയ ദൈവജനമായ സഭ, സഭയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനം, സഭയുടെ ശ്ലൈഹികത്വം, ആദിമസഭയുടെ ജീവിതം, സഭയുടെ പ്രേഷിതസ്വഭാവം തുടങ്ങിയവ ശ്ലീഹാക്കാലത്ത് സഭ നമ്മുടെ വിചിന്തനത്തിനു നല്കുന്നു. ശ്ലീഹാക്കാലത്തെ യാമപ്രാർത്ഥനകളിൽ ഈ വസ്തുത വെളിവാകുന്നുണ്ട്.

'ശ്ലീഹാ' എന്ന സുറിയാനി പദത്തിനു ദൗത്യവാഹകൻ, ദൂതൻ എന്നീ അർത്ഥങ്ങളുണ്ട്. കൃത്യമായ അർത്ഥത്തിൽ ഈ വാക്ക് ഈശോയുടെ പന്ത്രണ്ടു ശ്ലീഹന്മാരെമാത്രം സൂചിപ്പിക്കുന്നു. അതായത്, മിശിഹായാൽ പ്രത്യേകവിധം തെരഞ്ഞെടുക്കപ്പെടുകയും അവിടുത്തോടൊത്തു വസിക്കുകയും അവിടുന്നിൽ നിന്ന് പഠിക്കുകയും ഉത്ഥിതനായ അവിടുത്തെ കാണുകയും അവിടുന്നിൽനിന്നും നേരിട്ട് പ്രേഷിതദൗത്യം സ്വീകരിക്കുകയും ചെയ്തവരാണ് പൂർണ്ണമായ അർത്ഥത്തിൽ ശ്ലീഹന്മാർ. അവരുടെ വിശ്വാസസാക്ഷ്യത്തിന്മേലാണ് സഭ തന്റെ വിശ്വാസം അടിയുറപ്പിച്ചിരിക്കുന്നത്. അവരുടെ പ്രബോധനമാണ് സഭ തുടർന്നു പഠിപ്പിക്കുന്നതും. ശ്ലീഹന്മാരിൽ നിന്നും സഭയ്ക്കു ലഭിച്ച വിശ്വാസപൈതൃകമാണ് സഭയുടെ ശ്ലൈഹിക പാരമ്പര്യത്തിന്റെ മുഖസ്രോതസ്സ്. എന്നാൽ വ്യാപകാർത്ഥത്തിൽ ഈശോ

യുടെ എല്ലാ ശിഷ്യന്മാരെയും മിഷണറിമാരെയും സഭാശുശ്രൂഷകരെയും ദൈവജനം മുഴുവനെയും ശ്ലീഹാ എന്ന വാക്ക് ഉൾക്കൊള്ളുന്നുണ്ട്. കാരണം ഓരോ മിശിഹാനുയായിയും ഈശോയുടെ ദൗത്യവുമായി അയയ്ക്കപ്പെട്ടിരിക്കുന്നു.

തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി ഈശോ തനിക്കിഷ്ടമുള്ള പന്ത്രണ്ടുപേരെ ശ്ലീഹന്മാരായി തെരഞ്ഞെടുക്കുന്നതായി സുവിശേഷത്തിൽ പറയുന്നു (മർക്കോ 3,13-19, മത്താ 10,1-4, ലൂക്കാ 6,12-16). ഈ പന്ത്രണ്ടു ശ്ലീഹന്മാർ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപ്പിക്കുന്നു. തന്നോടൊത്തു കൊണ്ടുനടന്നു പരിശീലിപ്പിച്ച ഈ ശ്ലീഹന്മാരെ, ഈശോ തന്റെ ഉത്ഥാനശേഷം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാനായി ഔദ്യോഗികമായി നിയോഗിച്ചു. പന്തക്കുസ്തായിൽ റൂഹാദ്ക്കുദ്ശായാൽ പൂരിതരായ ശ്ലീഹന്മാർ പത്രോസിന്റെ നേതൃത്വത്തിൽ ഈശോയുടെ പ്രബോധനവും പ്രവർത്തനങ്ങളും മായം ചേർക്കാതെ സധൈര്യം പ്രഘോഷിച്ചു.

പൗരസ്ത്യസുറിയാനി സഭയിൽ ശ്ലീഹാക്കാലത്തിലെ ആദ്യവെള്ളിയാഴ്ച 'സ്വർണ്ണവെള്ളി' എന്നറിയപ്പെടുന്നു. നടപടി 3,1-10 ൽ വിവരിക്കുന്ന മുടന്തന്റെ രോഗസൗഖ്യമാണ് ഇതിന്റെ അടിസ്ഥാനം. ശ്ലീഹന്മാരുടെമേലുള്ള പരിശുദ്ധ റൂഹായുടെ ആവാസത്തിനുശേഷം ആദ്യം നടന്ന അത്ഭുതം ഇതായിരുന്നതിനാൽ ഇതിനെ ശ്ലീഹാക്കാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച തന്നെ അനുസ്മരിക്കുന്നു. ഇക്കാലത്തിലെ അവസാന വെള്ളിയാഴ്ചയാണ് ഈശോയുടെ എഴുപത് ശ്ലീഹന്മാരുടെ ഓർമ്മയ്ക്കായി മാറ്റിവച്ചിരിക്കുന്നത്. ആത്മാവിനാൽ നിറയപ്പെട്ട ഇവരാണ് സഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ചത്.

മുൻകാലങ്ങളിൽ ശ്ലീഹാക്കാലത്ത് അനുഷ്ഠിച്ചിരുന്ന ഉപവാസത്തെക്കുറിച്ച് പൗരസ്ത്യസുറിയാനി പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇങ്ങനെയൊരു ഉപവാസം അലക്സാണ്ട്രിയായിലും ജറുസലേമിലും അന്ത്യോക്യായിലും പന്തക്കുസ്താ തിരുനാളിനുശേഷം ആചരിച്ചിരുന്നതായി കാണുന്നു. സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ദിവസങ്ങളായ ഉയിർപ്പുകാലത്ത് ആദ്ധ്യാത്മികജീവിതത്തിൽ എന്തെങ്കിലും പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനു പരിഹാരം ചെയ്ത് വിശുദ്ധി നേടിയെടുക്കാനാണ് ഈ ഉപവാസം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

കത്തോലിക്കാസഭയുടെ വിശ്വാസസംഹിതയിൽ ഉൾപ്പെടുന്ന മറ്റൊരു അടിസ്ഥാന പ്രമാണമാണ് സഭയുടെ ശ്ലൈഹികത. ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു എന്നതാണ് ഈ വിശ്വാസത്തിന്റെ അന്തഃസത്ത. മിശിഹാ ശ്ലീഹന്മാരെ ഏല്പിച്ച ദൗത്യം ഇന്നു തുടർന്നുകൊണ്ടുപോകുന്നതു സഭയാണ്. സഭ ഇന്നു നയിക്കപ്പെടുന്നത് ശ്ലീഹന്മാരുടെ പിൻഗാമികളാലാണ്. മിശിഹാരഹസ്യത്തിന്റെ ദൃക്സാക്ഷികളായിരുന്ന ശ്ലീഹന്മാരിലൂടയാണ് വെളിപാടിന്റെ കൈമാറ്റം നടന്നത്. ശ്ലീഹന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ. അതിനാൽ ശ്ലീഹന്മാരിലൂടെ സഭയ്ക്കു ലഭിച്ച വിശ്വാസപൈതൃകത്തിന്റെ സംരക്ഷകരും സംവാഹകരുമാണവർ.

ശ്ലൈഹികപ്രബോധനങ്ങളോടും പാരമ്പര്യങ്ങളോടുമുള്ള വിശ്വസ്തത മിശിഹായോടുള്ള വിശ്വസ്തതതന്നെയാണ്. സഭയിലൂടെ വളരേണ്ട ദൈവരാജ്യത്തിന്റെ പ്രഘോഷകരും പ്രയോക്താക്കളുമെന്ന നിലയിൽ നമുക്ക് ലഭിച്ചിരിക്കുന്ന പ്രേഷിതദൗത്യത്തെക്കുറിച്ച് ആഴമേറിയ അവബോധം സമ്പാദിക്കുകയും പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ട അവസരമാണിത്. ആദിമസഭയുടെ ചരിത്രം ഉൾക്കൊള്ളുന്ന 'ശ്ലീഹന്മാരുടെ നടപടികൾ' വായിച്ചു ധ്യാനിക്കുകയും പ്രേഷിതപ്രവർത്തനങ്ങളിൽ ഫലപ്രദമായി സഹകരിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി പ്രായോഗികമാക്കുകയും ചെയ്യാം. അങ്ങനെ നമുക്കും സഭയോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും സഭയുടെ മക്കളായി ജീവിക്കുകയും സഭയോടൊത്തു സഞ്ചരിക്കുകയും ചെയ്യാം. "സഭയ്ക്കു പുറത്തു നിന്നു വിശുദ്ധനാകുക എന്നതിനേക്കാൾ നല്ലത് സഭയോടൊത്തു തെറ്റുപറ്റുകയാണ്" എന്ന ദൈവദാസൻ വില്യം ജക്വീന്തായുടെ വാക്കുകൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നമുക്കു ശ്രമിക്കാം.

# സെദെക്കിയാ

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യഹോയാഖിന്റെ കാലശേഷം യൂദായിൽ ജോസിയായുടെ പുത്രനായ സെദെക്കിയാ ഭരണമേറ്റു. അദ്ദേഹം യഹോയാഖീന്റെ പിതൃസഹോദരനായ മത്താനിയായാണ്; നബുക്കദ്നേസർ ആണ് സെദെക്കിയാ എന്ന പേരു നല്കി യഹോയാബിനു പകരം അവനെ രാജാവാക്കിയത്. രാജാവാകുമ്പോൾ അവന് ഇരുപത്തൊന്നു വയസ്സുണ്ടായിരുന്നു. ലിബ്നായിലെ ജറെമിയായുടെ പുത്രി ഹമുത്താൽ ആയിരുന്നു അവന്റെ മാതാവ് (ജറെ 52,1). പതിനൊന്നു വർഷം അവൻ ഭരണം നടത്തി. നീതിയുടെയും നിയമത്തിന്റെയും സുഹൃത്തായി ഭരണമേറ്റെങ്കിലും മുന്നോട്ടു പോയപ്പോൾ സെദെക്കിയാ തിന്മയുടെ അഴുക്കുചാലിൽ ചെന്നു പതിച്ചു. തന്മൂലം കർത്താവിന്റെ കോപം ജറുസലേമിന്റെയും യൂദായുടെയുംമേൽ നിപതിച്ചു. പടയും പട്ടിണിയും പകർച്ചവ്യാധികളുംകൊണ്ട് അവിടുന്ന് അവരെ ശിക്ഷിച്ചു. സെദെക്കിയായുടെ അനുസരണക്കേടുമൂലം ജനവും പുരോഹിതന്മാരും പാപവഴികളിലേക്ക് നീങ്ങി.

എസക്കിയേൽ, ജറെമിയാ, ഹബക്കുക്ക് എന്നീ പ്രവാചകന്മാരിലൂടെ പലവിധേനയും കർത്താവ് സെദെക്കിയായെ പാപമാർഗത്തിൽനിന്ന് പിൻതിരിയാൻ ക്ഷണിച്ചിരുന്നു. എന്നാൽ അവർ തിരുത്തുമ്പോഴെല്ലാം അവൻ അവരെ നിന്ദിച്ചു പുറത്താക്കുകയാണ് ചെയ്തത്.

"യൂദാരാജാവായ സെദെക്കിയായോടും ഞാൻ അങ്ങനെതന്നെപറഞ്ഞു: ബാബിലോൺരാജാവിന്റെ നുകത്തിന് കഴുത്ത് കുനിച്ചുകൊടുത്ത് അവനെയും അവന്റെ ജനത്തെയും സേവിച്ചുകൊണ്ട് ജീവിക്കുക. ബാബിലോൺ രാജാവിനെ സേവിക്കാത്ത ജനതകളെക്കുറിച്ച് കർത്താവ് അരുളിച്ചെയ്തതുപോലെ നീയും നിന്റെ ജനവും വാളും ക്ഷാമവും പകർച്ചവ്യാധിയുംകൊണ്ട് എന്തിനു മരിക്കണം? ബാബിലോൺ രാജാവിനെ സേവിക്കരുത് എന്നു പറയുന്ന പ്രവാചകൻമാരുടെ വാക്കു നിങ്ങൾ കേൾക്കരുത്. അവർ പ്രവചിക്കുന്നത് നുണയാണ്. ഞാൻ അവരെ അയച്ചിട്ടില്ല. ഞാൻ നിങ്ങളെ ആട്ടിയോടിക്കുന്നതിനും നിങ്ങളും നിങ്ങളോട് പ്രവചിക്കുന്ന പ്രവാചകന്മാരും നശിക്കുന്നതിനും വേണ്ടിയാണ് എന്റെ നാമത്തിൽ അവർ വ്യാജം പ്രവചിക്കുന്നത് - കർത്താവ് അരുളിച്ചെയ്യുന്നു" (ജറെ 27,12-15). പ്രവാചകശബ്ദത്തിനെതിരെ മറുതലിച്ച യൂദായെ തന്റെ സന്നിധിയിൽനിന്ന് കർത്താവ് നിഷ്കാസനം ചെയ്യാൻ തീരുമാനിക്കുന്നു.

"ഞാൻ അവരുടെമേൽ യുദ്ധവും ക്ഷാമവും പകർച്ചവ്യാധിയും അയയ്ക്കും; അവരെ ഞാൻ തിന്നാൻകൊള്ളാത്തവിധം ചീത്തയായ അത്തിപ്പഴത്തിന് തുല്യമാക്കും - സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. വാളും ക്ഷാമവും പകർച്ചവ്യാധിയുംകൊണ്ടു ഞാൻ അവരെ വേട്ടയാടും; ഭൂമിയിലുള്ള സകലജനതകൾക്കും അവർ ബീഭത്സവസ്തുവും ശാപവും ആയിരിക്കും. ഞാൻ അവനെ ചിതറിച്ച രാജ്യങ്ങളിലെല്ലാം അവർ സംഭ്രമവും പരിഹാസവും അവജ്ഞയും ജനിപ്പിക്കും. ഇത് എന്റെ ദാസന്മാരായ പ്രവാചകന്മാർവഴി ഞാൻ പറഞ്ഞ വാക്കുകളെ അവർ ശ്രവിക്കാതിരുന്നതുകൊണ്ടാണ് - കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ ഇടവിടാതെ അവരെ അയച്ചിട്ടും നിങ്ങൾ അവരുടെ വാക്കു കേട്ടില്ല" (ജറെ 29,17-19).

ഭരണത്തിന്റെ ആദ്യനാളുകളിൽ ബാബിലോൺ രാജാവുമായി സെദെക്കിയാ മൈത്രിയിലായിരുന്നുവെങ്കിലും പിന്നീട് അദ്ദേഹവുമായി കലഹിച്ചുതുടങ്ങി. ഈജിപ്തിലെ ഫറവോയുമായി അവനൊരു രഹസ്യ ഉടമ്പടി ഉണ്ടാക്കി. അസ്സീറിയായുടെ നുകത്തിൽനിന്ന് രക്ഷപ്പെ

ടാൻ സഹായിക്കാമെന്ന് ഫറവോ വാക്കുകൊടുത്തെങ്കിലും പിന്നീട് സെദെക്കിയായെ അവൻ വഞ്ചിക്കുകയാണ് ഉണ്ടായത്.

സെദെക്കിയായുടെ ഒൻപതാം ഭരണവർഷം പത്താംമാസം പത്താം ദിവസം ബാബിലോൺ രാജാവായ നെബുക്കദ്നേസർ സൈന്യസമേതതം ജറുസലേമിനെതിരെവന്ന് അതിനെ ആക്രമിക്കുകയും ചുറ്റും ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു. അവന്റെ പതിനൊന്നാം ഭരണവർഷംവരെ ആ ഉപരോധം തുടർന്നു. നാട്ടിലെങ്ങും പട്ടിണിയും ക്ഷാമവും കൊടികുത്തിവാണു. ജനം കഷ്ടതകളാൽ വലഞ്ഞു. നാട്ടിൽ ഭക്ഷണം തീർന്ന് ക്ഷാമം രൂക്ഷമായിരിക്കെ അവർ നഗരഭിത്തിയിൽ വിടവുണ്ടാക്കി. അതിലൂടെ രാജാവും പടയാളികളും പലായനം ചെയ്യാൻ ശ്രമിച്ചു. എന്നാൽ ബാബിലോൺസൈന്യം അവരെ പിൻതുടർന്ന് ജറീക്കോ സമതലത്തിൽ എത്തി. അവർ സെദെക്കിയായെ പിടിച്ച് നെബുക്കദ്നേസറിന് ഏൽപ്പിച്ചുകൊടുത്തു. അവന്റെ പുത്രന്മാരെയെല്ലാം അവന്റെ കൺമുമ്പിൽ വച്ച് നിഗ്രഹിച്ചു. സെദെക്കിയായുടെ കണ്ണുകൾ ചൂഴ്ന്നെടുത്തതിനുശേഷം ചങ്ങലകൾകൊണ്ട് ബന്ധിച്ച് ബാബിലോണിലേക്ക് കൊണ്ടുപോയി. തടവറയിലായ അവന്റെ ജീവിതം അവിടെ അവസാനിക്കുകയാണ് ഉണ്ടായത്.

നെബുക്കദ്നേസറിന്റെ പത്തൊൻപതാം ഭരണവർഷം അഞ്ചാംമാസം ഏഴാം ദിവസം അവന്റെ അംഗരക്ഷകന്മാരുടെ നായകനായ നബുസരദാൻ ജറുസലേമിൽനിന്ന് കർത്താവിന്റെ ആലയവും രാജകൊട്ടാരവും ജറുസലേമിലെ വീടുകളും അഗ്നിക്കിരയാക്കി. മാളികകൾ കത്തിച്ചാമ്പലാക്കി. ജറുസലേമിനു ചുറ്റുമുള്ള കോട്ട തകർത്തു. നഗരത്തിൽ അവശേഷിച്ചിരുന്ന ജനത്തിൽ രാജാവിനോടു കൂറ് പ്രകടിപ്പിച്ചവരെയും ശില്പികളെയും നബുസരദാൻ തന്നോടുകൂടെ കൊണ്ടുപോയി. അതിദരിദ്രരായ ചിലരെ ഉഴവുകാരും മുന്തിരിത്തോട്ടപ്പണിക്കാരായും നിയോഗിച്ചു. ദേവാലയത്തിലുണ്ടായ സ്വർണ്ണവും വെള്ളിയും മുഴുവൻ അവൻ കണ്ടുകെട്ടി. ഓട്ടുസ്തംഭങ്ങളും പീഠങ്ങളും ജലസംഭരണികളുമെല്ലാം അവർ നശിപ്പിച്ചു. കൂടാതെ പുരോഹിതന്മാരെയും വാതിൽ സൂക്ഷിപ്പുകാരെയും സേനാപതികളെയും രാജസഭാംഗങ്ങളെയും ഹാമാത്തിലെ റിബ്ലായിൽ വച്ച് ബാബിലോൺ രാജാവ് വധിച്ചു. അങ്ങനെ യൂദാ നാമാവശേഷമാകുകയും പ്രവാസത്തിലേക്ക് കടക്കുകയും ചെയ്തു.

ദൈവത്തിന്റെ സ്വന്തജനമായ ഇസ്രായേൽ ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് വീണ്ടെടുക്കപ്പെട്ട് നാൽപതുവർഷം മരുഭൂമിയിലൂടെ സഞ്ചരിച്ചു. മോശ അവർക്ക് നേതാവും വഴികാട്ടിയുമായി കൂടെയുണ്ടായിരുന്നു. ജോഷ്വായുടെ നേതൃത്വത്തിൽ അവൻ കാനാൻ ദേശത്തെത്തി അത് സ്വന്തമാക്കി. പിന്നീടവരെ പതിനാലു ന്യായാധിപന്മാർ ഇരുന്നൂറ്റി തൊണ്ണൂറുവർഷം നയിച്ചു. അവസാനത്തെ ന്യായാധിപനായ സമുവേലിന്റെ കാലത്ത് തങ്ങൾക്ക് ഒരു രാജാവിനെ വേണമെന്ന് അവർ കർത്താവിനോട് കേണപേക്ഷിച്ചു. അങ്ങനെ സാവൂൾ എന്ന രാജാവിനെ അവർക്ക് ലഭിച്ചു. സോളമന്റെ മകൻ റഹോബോവാമിന്റെ കാലത്ത് ഇസ്രായേൽ എന്നും യൂദാ എന്നും രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ഇസ്രായേലിൽ പത്തൊമ്പതു രാജാക്കന്മാർ ഇരുന്നൂറ്റിപന്ത്രണ്ടു വർഷം ഭരണം നടത്തിയശേഷം അവർ പ്രവാസത്തിലേക്ക് പോയി. ഇരുപതു രാജാക്കന്മാർ മുന്നൂറ്റിനാൽപത്തിയേഴു വർഷം ഭരണം നടത്തിയശേഷം യൂദാരാജ്യം ബാബിലോൺ പ്രവാസത്തിലേക്കു പോയി. നീണ്ട എഴുപതു വർഷം അവർ അടിമകളായി അവിടെ പാർക്കേണ്ടി വന്നു.

*സെദെക്കിയായിൽനിന്ന് പഠിക്കാൻ*

*തിന്മ പ്രവർത്തിക്കുന്നവൻ നാശമടയും*

*കാലകാലങ്ങളിൽ നല്കപ്പെടുന്ന പ്രവാചകശബ്ദത്തിന് വില കല്പിക്കുക*

*ദൈവത്തോടു ചേർന്നുനിന്നാൽ ഐശ്വര്യം പ്രാപിക്കും.*

*ആത്മവഞ്ചനയുടെ ഫലം സർവ്വനാശമാണ്.*

*ബലഹീനനായ രാജാവ് രാജ്യത്തെ ദാരിദ്ര്യത്തിലേക്കു നയിക്കും.*



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

ജെസ്മി പാണ്ടിക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകം മുഴുവനും സുവിശേഷം അറിയിക്കുവാനായി ഇറങ്ങിത്തിരിച്ച ശ്ലീഹന്മാരെപ്പോലെ വചനത്തിനു സാക്ഷ്യം വഹിക്കുവാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

സഭയുടെ ശിരസ്സായ മിശിഹായോടുചേർന്നു നിന്നുകൊണ്ട്, വിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ ഊർജ്ജസ്വലരായ മിശിഹാനുയായികളാകുവാൻ ഞങ്ങൾ പ്രാപ്തരാകുവാനുള്ള കൃപയ്ക്കായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

അരൂപിയുടെ വരദാനഫലങ്ങളാൽ നിറയപ്പെട്ട് ഓരോ കൂദാശകളും ഏറ്റവും യോഗ്യതയോടെ പരികർമ്മം ചെയ്യുന്നവരായി മാറുവാനുള്ള അനുഗ്രഹത്തിനായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**


അരൂപിയാൽ നിറയപ്പെടുവാൻ പ്രാർത്ഥന ആവശ്യമാണെന്ന് പഠിപ്പിച്ച പരിശുദ്ധ അമ്മേ, ഞങ്ങളും ഏതു കാര്യങ്ങളിലും അങ്ങേ പുത്രനോടു പ്രാർത്ഥിച്ചുകൊണ്ട് ജീവിക്കുന്നവരായി മാറുവാനുള്ള കൃപ ലഭിക്കുവാനായി യാചിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

ഈശോയുടെ സാക്ഷികളാകുവാനുള്ള ധൈര്യം പരിശുദ്ധാത്മാവുവഴി നൽകപ്പെട്ടപ്പോൾ ശിഷ്യന്മാർ എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചതുപോലെ ഞങ്ങളുടെയും ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ ധൈര്യപൂർവ്വം നേരിടുവാനുള്ള കൃപയ്ക്കായി അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



“നിത്യവെളിച്ചം ദൈവത്തിൻ
നിത്യനനാദ്യൻ സൂനുവിതാ
നീതിജ്വലിക്കും സൂര്യൻപോൽ
ഭുവനതലത്തിൽ വെളിവായി.
താതനോടൊപ്പം സ്വർഗത്തിൽ
നിത്യതയിൽ നിവസിച്ചവനാം
ദിവ്യമഹത്ത്വം മർത്ത്യതയിൽ
ജീവൻ പകരാനൊളി വീശി”.
ഓനീസാ ദ്‌ലെലിയാ,
ദനഹാക്കാലം, മൂന്നാം ശനി

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
January 2026

ഈശോയേ, അങ്ങ്
സ്നാപകയോഹന്നാനിൽനിന്നും
സ്നാനം സ്വീകരിക്കുവാനായി
കടന്നുവന്നുവല്ലോ.
സ്നാനം സ്വീകരിച്ചപ്പോൾ
സ്വർഗം തുറക്കപ്പെടുന്നു...
പിതാവ് സംസാരിക്കുന്നു...
പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുന്നു....
എത്ര വലിയ മഹത്ത്വത്തിന്റെ
നിമിഷങ്ങളായിരുന്നു അത്!
ഈശോയേ, ആത്മാവിനാൽ
മാമോദീസാ സ്വീകരിച്ച ഞാൻ
എന്നും പിതാവിനു പ്രീതികരമായ
ജീവിതം നയിക്കാൻ,
ദൈവത്തിന്റെ സംസാരത്തിന്,
വചനത്തിന് കാതോർക്കുവാൻ
പരിശുദ്ധാത്മവരങ്ങളാൽ നിറഞ്ഞ്
സ്വർഗീയ മഹത്ത്വത്തിലേക്ക് നടന്നടുക്കുവാൻ
മാമോദീസായിൽ കിട്ടിയ വരപ്രസാദം
ഒരിക്കലും നഷ്ടപ്പെടുത്താതെ
നിന്റെ മാമോദീസാനുഭവത്തിന്റെ
ഒരു പ്രതിഫലനമായി
എന്റെ ജീവിതവും മാറുവാൻ,
നാഥാ കൃപയാകണേ.
ആമ്മേൻ.

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O.,
Kottayam - 686 018; Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published
at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal